ഉണ്ടെങ്കിൽ ശ്രവണമധുരമായ ആ തിരുകണ്ഠനാളത്തിലൂടെ ആ ഗീതങ്ങൾ ഉൽഗമിച്ചുയർന്ന് ബ:അച്ചനും, ആരാധകർക്കും സംപ്രീതി നൽകി പര്യവസാനിച്ചിട്ടുള്ളതും, വ്യാഴവട്ടങ്ങൾ കഴിഞ്ഞിട്ടും അടുത്ത് കഴിഞ്ഞ കൊല്ലത്തിലേതുപോലെ സ്മൃതിപഥത്തിൽ എത്തുന്നു.

ബ: ഉപ്പൂട്ടിലച്ചൻ അവർകൾ ഏലിയാചാപ്പലിൽ വെച്ച് പലപ്പോഴും ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ പ്രാർത്ഥനയ്ക്ക് സമയമാകുമ്പോൾ "എടോ! ഗീവർഗ്ഗീസ് ശെമ്മാച്ചാ ! മണിയടിക്കടോ" എന്ന് ആജ്ഞാപിച്ചാൽ വെറും വെള്ളകുപ്പായം മാത്രം ധരിച്ചുകൊണ്ട് വരാന്തയിൽ ഏതെങ്കിലും ഒരു പുസ്തകവും കയ്യിലേന്തി നിൽക്കുന്ന ആ നിൽപ്പിൽതന്നെ ഓടിവന്ന് ആ ആജ്ഞ അക്ഷരംപ്രതി പാലിക്കുന്ന ആ രീതി കണ്ടാൽ, ഈ ഗീവർഗ്ഗീസ് ശെമ്മാശ്ശൻ അടുത്തഭാവിയിൽ ഒരു പ്രധാനാചാര്യനായി യാദൃച്ഛികമായിട്ടെങ്കിലും "എടോ ഉപ്പൂട്ടിലെ കത്തനാരെ" എന്നോ, അഥവാ "അച്ചാ ! ഇന്നത് ഇന്നതുപോലെ ചെയ്യു" എന്നൊരാജ്ഞ നൽകുമെന്ന് ആരു വിചാരിച്ചു! പക്ഷെ ദൈവഹിതാനുസരണം കോട്ടയം ചെറിയപള്ളിയ ബ:ഉപ്പൂട്ടിലച്ചന്റെ തവണയുണ്ടായിരുന്ന ഒരു ഹാശാ ആഴ്ചയിൽ ഒരു പകരം ചോദ്യമല്ലെങ്കിലും വൈദീക പദവിയുടെ ഗ്രേഡനുസരിച്ച് അങ്ങിനെ സംഭവിക്കതന്നെ ചെയ്തു. തിരുമേനി പ്രമേഹരോഗബാധിതനായി കോട്ടയം ജില്ലാ അശുപത്രിയിൽ കിടന്നിരുന്ന അവസരത്തിലും ഞങ്ങൾ (കോട്ടയം ചെറിയപള്ളി ഇടവകക്കാർ) അഹോരാത്രം ആവശ്യമായ ശുശ്രൂഷകൾ ചെയ്തത് പിന്നീട് തിരുമേനി പഴയസഹശുശ്രൂഷകാരായ ഞങ്ങളിൽ പലരോടും കൃതജ്ഞതാ ഭാരത്തോടുകൂടി കൽപ്പിച്ചു പറയുകയുണ്ടായിട്ടുണ്ട്. ആ ആലസ്യം വർദ്ധിച്ച് അത്യാസന്നനിലയിൽ എത്തിയപ്പോൾ സഹോദര മേൽപ്പട്ടക്കാരായ തിരുമേനിമാരും, പരിശുദ്ധ കാതോലിക്കാ ബാവാതിരുമേനിയും, പല ഇടവകകളിൽ നിന്നും വന്നിരുന്ന ബഹുമാന്യ വൈദീകരും ചേർന്ന് തിരുമേനിക്ക് "അന്ത്യകന്തീലാ" ശുശ്രൂഷ നടത്തിയപ്പോൾ; തിരുമേനി മുൻപ് ചൊല്ലിതന്ന രീതിയിൽതന്നെ എല്ലാവരും ഇടിക്കുന്ന ഹൃദയത്തോടും, വിറക്കുന്ന അധരങ്ങളോടുംകൂടി "കരുണക്കടലേ! ഞാൻ നോക്കും" എന്ന അനുതാപത്തിന്റെ ഗീതം പാടിയതും, തിരുമേനി അന്ന് കാലംചെയ്തേക്കുമെന്നുള്ള ചിന്തയിൽ കഴിച്ചുകൂട്ടിയതും, ഇപ്പോൾ സ്മരിക്കാതെ വയ്യാ!!! എങ്കിലും കാരുണ്യവാനായ ദൈവം വീണ്ടും സൗഖ്യവും, ആരോഗ്യവും നൽകി 1951 ഏപ്രിൽ 17 -ാം തീയതി വരെ ജീവിച്ചിരുന്ന് വിലയേറിയ പല പൈതൃ കോപദേശങ്ങളും മലങ്കര മഹാ ഇടവകക്ക് നൽകിതരുവാൻ തക്കവണ്ണം തിരുമനസ്സായി. തിരുമേനിയുടെ ആയുസ്സ് അൽപ്പകാലത്തേക്കു കൂടി നീട്ടിതന്നതിൽ സഭാനാഥനായ കർത്താവേശുമിശിഹായെ നന്ദിപൂർവ്വം വാഴ്ത്തുന്നു.

സുഖക്കേടുകൾ എല്ലാം ഭേദമായി വേണ്ടത്ര വിശ്രമം അനുഭവിക്കാതെതന്നെ കോട്ടയം ചെറിയപള്ളി ഇടവകക്കാരുടെ ആഗ്രഹാനുസരണം ഹാശാ ആഴ്ചയിൽ ചെറിയപള്ളിയിൽ എഴുന്നള്ളിയിരുന്നുകൊണ്ട് ദിവ്യാരാധനകളും, "പീഢാനുഭവയാത്ര" എന്ന വിഷയത്തിൽ ഒരു പ്രസംഗപരമ്പര നടത്തി. ഉയർപ്പിന്റെ ദിവ്യസന്ദേശം എല്ലാവർക്കും കൽപ്പിച്ചരുളിയ ശേഷം തിരിച്ചെഴുന്നള്ളി. ഈഅവസരത്തിൽ ചെറിയപള്ളിമേടയിൽ, തിരുമേനിയുടെ സെക്രട്ടറിയും വേലക്കാരൻ ജേക്കബിനേയും കൂടാതെ ഞങ്ങൾ ചെറുപ്പക്കാർ നാലഞ്ചുപേർ തിരു മേനിയുടെ അടുക്കൽ കിടക്കുകയും, തിരുമേനി നിദ്രാധീനനാകുംവരെ ഓപ്പറേഷന് വിധേയമായ കൈയും കാലുകളും മാറി മാറി തടവികൊണ്ടിരിക്കുമായിരുന്നു. പ്രവൃത്തിചെയ്തുകൊണ്ടു മരിക്കണമെന്നുള്ള തിരുമേനിയുടെ ആഗ്രഹവും, പുറമേ, "ഇപ്പോൾ ബാവാ തിരുമേനി ഉൾപ്പെടെയുള്ള പിതാക്കന്മാരേക്കാൾ മുമ്പ് ഞാൻ കടന്നുപോകുമെന്ന്" സുഖക്കേടിനുശേഷം ഒന്നു രണ്ടു അവസരങ്ങളിൽ കൽപ്പിച്ചതനുസരിച്ചും, വിശുദ്ധ പൗലൂസ്സിനെപ്പോലെ "നിങ്ങൾ എന്റെ മുഖം ഇനി കാണുകയില്ലെന്ന് മുൻകൂട്ടി അറിയിച്ചുകൊണ്ടും, സത്യവിശ്വാസപൂർവ്വം ഓട്ടം തികച്ച് നിത്യസ്വസ്ഥതയിലേക്ക് പ്രവേശിച്ചിരിക്കുന്ന പരിശുദ്ധ പിതാവായ മാർ പീലക്സിനോസ്തിരുമേനിയുടെ ഓർമ്മ മലങ്കരമഹാ ഇടവകയ്ക്ക് വാഴ്വിനായും, ആ പുണ്യാത്മാവിന്റെ പ്രാർത്ഥന നമുക്കെല്ലാം കോട്ടയും സങ്കേതവുമായി തീരട്ടെ എന്ന് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ഞാനും അഭയം പ്രാപിക്കുന്നു. "നീതിമാനെ കുറിച്ചുള്ള ഓർമ്മ വാഴ്വിനായി തീരട്ടെ" തന്റെ ഭക്തന്മാരുടെ മരണം കർത്താവിന് വിലയേറിയതാകുന്നു" പരിശുദ്ധ പിതാവായ മാർ പീലക്സിനോസ് തിരുമേനി ഞങ്ങൾക്കുവേണ്ടി എന്നന്നേക്കും അപേക്ഷിക്കണമേ. ആമേൻ. (1951-ൽ പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്തത്)

സുഖക്കേടുകൾ എല്ലാം ഭേദമായി വേണ്ടത്ര വിശ്രമം അനുഭവിക്കാതെതന്നെ കോട്ടയം ചെറിയപള്ളി ഇടവകക്കാരുടെ ആഗ്രഹാനുസരണം ഹാശാ ആഴ്ചയിൽ ചെറിയപള്ളിയിൽ എഴുന്നള്ളിയിരുന്നുകൊണ്ട് ദിവ്യാരാധനകളും, "പീഢാനുഭവയാത്ര" എന്ന വിഷയത്തിൽ ഒരു പ്രസംഗ പരമ്പരയും നടത്തി. ഉയർപ്പിന്റെ ദിവ്യസന്ദേശം എല്ലാവർക്കും കൽപ്പിച്ചരുളിയ ശേഷം തിരിച്ചെഴുന്നെള്ളി.



തന്റെ ആത്മീയ പ്രചോദനമായിരുന്ന പുത്തൻകാവ് പള്ളിയുടെ മുറ്റത്തിരിക്കുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി

# കബറിലെ തിരുമൊഴികൾ



ശ്രീമതി.മെർലിൻ റ്റി.മാത്യു
തണ്ടപ്രാപീടികയിൽ

പരിശുദ്ധന്മാരുടെയും പിതാക്കന്മാരുടെയും ഓർമ്മ ഭക്തിയുടെ പ്രകടനമോ ആർഭാടത്തിന്റെ ആഘോഷമോ അല്ല, പിന്നെയോ അവരുടെ ജീവിതത്തിന്റെ മഹത്വവും മനോഹാരിതയും നമ്മുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കായി ഒരുക്കുന്ന നിർണ്ണായക നിമിത്തങ്ങൾ ആകണം എന്നത് തർക്കമറ്റ യാഥാർത്ഥ്യമാണ്. കൊച്ചുതിരുമേനിയുടെ ജീവിതത്തിന്റെ നന്മയും വിശുദ്ധിയും മാത്രമല്ല ആ വ്യക്തിത്വത്തിന്റെ സമ്പന്നതയും സമ്പൂർണ്ണതയും എടുത്തുകാണിക്കുന്ന ഒന്നാണ് ആ കബറിലെ തിരുമൊഴികൾ

**"His presence was joyful**
**His voice sweet**
**His words inspiring**
**His manners endearing**
**His smile unforgettable"**

ഈ വരികൾ പരിശുദ്ധ വട്ടക്കുന്നേൽ ബാവാ തിരുമനസ്സുകൊണ്ട് വൈദികനായിരിക്കുമ്പോൾ നിർദ്ദേശിച്ചതാണ് എന്ന് ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് തിരുമേനി അനുസ്മരിക്കുന്നുണ്ട്. കാരണം കൊച്ചുതിരുമേനിയാൽ ഉയർത്തപ്പെട്ട ഒരാളാണ് പരിശുദ്ധ വട്ടക്കുന്നേൽ ബാവാ തിരുമേനി.

1 **"His presence was joyful**

കൊച്ചുതിരുമേനിയുടെ സാന്നിദ്ധ്യം സന്തോഷപ്രദമായിരുന്നു. മലങ്കരസഭയുടെ പ്രശ്നസങ്കീർണ്ണമായ കാലയളവിൽ സഭാമക്കളെ വിശ്വാസത്തിന്റെ ധന്യതയാർന്ന പാതയിലൂടെ നയിച്ച വ്യക്തിയാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. പരമകാരുണ്യവാനായ ദൈവത്തോടുള്ള വേർപിരിയാനാവാത്ത ബന്ധം (**An inseparable relationship with God**) നിമിത്തമായി അനുഭവിച്ച ദൈവീക സാന്നിദ്ധ്യത്തിന്റെ പ്രതിഫലനങ്ങളാണ് വിശ്വാസികൾ അനുഭവിച്ച ആ മഹനീയമായ സന്തോഷം. ആ കർമ്മ ചൈതന്യം പ്രസരിതമാക്കിയ അജപാലന ശുശ്രൂഷാരംഗം സഭയിലെ പിരിമുറുക്കങ്ങൾക്കും കോളിളക്കങ്ങൾക്കു പ്രശ്നപരിഹാരമായി മാതൃസഭയെ ഉപേക്ഷിച്ചും പുനരൈക്യ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചുവെങ്കിലും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കടന്നുവരവിനായി ദൈവം ഒരുക്കിയ ഒരു സാദ്ധ്യതയും പദ്ധതിയുമായിരുന്നില്ലേ അത്?

2. **His voice sweet**

മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും മുൻമഹാരാഷ്ട്ര ഗവർണറുമായ ശ്രീ. പി.സി. അലക്സാണ്ടർ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജന്മദിനശതാബ്ദി ആഘോഷവേളയിൽ അനുസ്മരണ പ്രസംഗം നടത്തിയപ്പോൾ പറഞ്ഞ ഒരു വാചകം ഇപ്രകാരമായിരുന്നു. "വിശ്വാസികളെ വി. കുർബ്ബാനയിലൂടെ സ്വർഗതുല്യമായ അനുഭവത്തിലേക്ക് നയിച്ച ശബ്ദം ആയിരുന്നു കൊച്ചുതിരുമേനിയുടേതെന്നും സൗന്ദര്യപൂർണവും സംഗീതാത്മകവുമായ ആരാധനയിലെ ആ സ്വർഗ്ഗീയ ഗാനമാധുരി ഇനിയും ആർക്കെങ്കിലും ലഭിക്കുമോ എന്നും സംശയിക്കുന്നു" സഭാ തനയർക്ക് സ്വർഗ്ഗീയ അനുഭൂതി ലഭിക്കുന്ന ഒന്നായിരുന്നു തിരുമേനിയുടെ "കരുണക്കടലേ ഞാൻ നോക്കും" എന്ന അനുതാപത്തിന്റെ മഹനീയ



> ***ആരാധനയിലൂടെയും വാക്കുകളിലൂടെയും പ്രവൃ ത്തികളിലൂടെയും പെരുമാറ്റങ്ങളിലൂടെയും കൈവ രിച്ച തിരുമേനിയുടെ മുഖതേജസ്സ് അനന്യമായി കാലത്തെ അതിലംഘിച്ച് നില നിൽക്കുന്നു. കാരണം, തിരുമേനിയുടെ ജീവിത വിശുദ്ധിയിൽ നിന്ന് ഉടലെടുത്ത പക്വമാർന്ന ആദ്ധ്യാത്മികതയുടെ പ്രതിസ്ഫുരണമായിരുന്നു. ആ ഒരിക്കലും മായാത്ത, മറയാത്ത മറക്കാനാവാത്ത ആ പുഞ്ചിരി.***

സംഗീതം ഈ ശബ്ദത്തിൽ നിൽക്കുന്ന മരംപോലും സന്തോഷം കൊണ്ട് ചായും" എന്ന് പുത്തൻകാവിലെ വൃദ്ധജനങ്ങൾ സാക്ഷിക്കുന്നുണ്ട്. വിശ്വാസിയുടെ ആരാധനജീവിത്തെ പ്രോത്സാഹിപ്പിക്കുവാനും ദേവാലയ കർമ്മങ്ങളിലേക്കും ആചരണങ്ങളിലേക്കും അവരെ ആകർഷിക്കുവാനും തിരുമേനിക്ക് കഴിഞ്ഞുവെങ്കിൽ നമ്മുടെ ആരാധനയിലെ സമർപ്പണം അനേകരെ വെളിച്ചത്തിന്റെ പാതയിലൂടെ നയിക്കുവാനുള്ളതായിരിക്കണം.

His words inspiring : An inseperable relationship with word of God and church

ദൈവത്തിന്റെ വചനങ്ങളുമായും സഭയുമായുമുള്ള നിസ്തന്ദ്രമായ ബന്ധം സുവിശേഷീകരണത്തിന്റെ വിശാലമാനങ്ങളെ കാലോചിതമായി കരുപിടിപ്പിക്കുവാൻ തിരുമേനിക്ക് സാധിച്ചു. മാത്രമല്ല, കാതോലിക്കേറ്റ് സഭയുടെ അസ്തിത്വം ആണെന്നതിനെ കുറിച്ചും കാതോലിക്കേറ്റ് സിംഹാസനത്തിന്റെ തനതായ പ്രാധാന്യത്തെക്കുറിച്ചും കാതോലിക്കേറ്റ് പുനസ്ഥാപനത്തിന് ശേഷം സഭയിലെങ്ങും വിശ്രമമില്ലാതെ ഓടിനടന്ന് സഭാമക്കളെ ദൈവീകപാതയിലൂടെ നയിക്കുകയും ചെയ്തു. "കാതോലിക്കേറ്റിനെക്കുറിച്ച് പ്രസംഗിക്കുവാൻ കുന്നംകുളത്ത് എത്തുക പതിവായിരുന്നു. അന്നത്തെ ദുർഘടവും ദുഷ്കരവും വിഷമകരവുമായ ദീർഘയാത്ര തിരുമേനിക്ക് പ്രതിസന്ധികൾക്ക് കാരണമായില്ല ശക്തമായും വ്യക്തമായും ഉള്ള വചന ശുശ്രൂഷയിലൂടെ സഭാപ്രവർത്തനങ്ങളെ പ്രോജ്ജ്വലിപ്പിക്കുവാൻ തിരുമേനിക്ക് കഴിഞ്ഞു" പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ 62-ാം ഓർമ്മപ്പെരുന്നാളിൽ അനുസ്മരിക്കുകയുണ്ടായി. ഭാരതസുവിശേഷീകരണത്തിന് ആക്കവും തൂക്കവും വ്യക്തതയും നൽകുവാൻ സഭ എല്ലാ മേഖലകളിലും ഉണരുവാൻ പ്രാർത്ഥിക്കാം.

**His manners endearing**

സ്നേഹത്തിന്റെ പൂർണതയും (totality of love) ത്യാഗതീഷ്ണതയും (intensity of service) കൂടി കലർന്നതായിരുന്നു തിരുമേനിയുടെ പെരുമാറ്റശൈലി. പുത്തൻകാവ് മെട്രോപ്പോലീത്തൻ ഹൈസ്കൂൾ സ്ഥാപന സമയത്ത് തിരുമേനിയുടെ പെരുമാറ്റങ്ങളും പ്രവർത്തന ശൈലികളും കഠിനാദ്ധ്വാനങ്ങളും കണ്ടും, അനുഭവിച്ചും, വിശ്വാസികൾ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ സഹായിച്ചിട്ടുണ്ട്. തിരുമനസ്സുകൊണ്ട് കരിങ്കല്ല് ചുമന്നുകൊണ്ട് പോകുന്നത് കണ്ട് മറ്റുള്ളവർ ആ പ്രവർത്തനത്തിൽ പങ്കാളികളായിത്തീർന്നിട്ടുണ്ട്.

ഇന്ന് വിവര സാങ്കേതിക വിദ്യയുടെ വിസ്ഫോടനാത്മകമായ വളർച്ച ദൈവത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ട് പരീക്ഷണശാലകളിൽ മനുഷ്യന്റെ ഉൽപത്തിയിലേക്ക് പുതിയ ആരംഭം നൽകുവാൻ "ദൈവകണം" എന്ന വിഷയം തന്നെ ചിന്തയ്ക്കും പഠനത്തിനും കാരണമായിത്തീരുമ്പോൾ യുവതലമുറയുടെ പെരുമാറ്റങ്ങളിലെ വൈകൃതം ക്രിസ്തീയ മൂല്യങ്ങളെ ലാഘവപ്പെടുത്തുകയും ബലഹീനമാക്കുകയും ചെയ്യുകയല്ലേ....

His smile unforgettable"

ആരാധനയിലൂടെയും വാക്കുകളിലൂടെയും പ്രവൃത്തി കളിലൂടെയും പെരുമാറ്റങ്ങളിലൂടെയും കൈവരിച്ച തിരുമേനിയുടെ മുഖതേജസ്സ് അനന്യമായി കാലത്തെ അതിലംഘിച്ച് നില നിൽക്കുന്നു. കാരണം, തിരുമേനിയുടെ ജീവിതവിശുദ്ധിയിൽ നിന്ന് ഉടലെടുത്ത പക്വമാർന്ന ആദ്ധ്യാത്മികതയുടെ പ്രതിസ്ഫുരണമായിരുന്നു ആ ഒരിക്കലും മായാത്ത, മറയാത്ത മറക്കാനാവാത്ത ആ പുഞ്ചിരി.

എന്റെ ദൈവം, എന്റെ സഭ എന്ന് ആവർത്തിക്കുകയും ജീവിതത്തിന്റെ സമസ്ത അനുഭവങ്ങളിലൂടെയും മേഖലകളിലൂടെയും അത് സാക്ഷിക്കുകയും ചെയ്ത പുത്തൻകാവിൽ കൊച്ചുതിരുമേനി ഇന്നും കാലത്തിലൂടെ ജീവിച്ച് കാലഘട്ടത്തിൽ സഭാതനയരോട് വിളിച്ചുപറയുന്നു " I count not my life dear unto my self so that I might finish my course with joy and the ministery which I have received of Lord Jesus to testify the gospal of the grace of God"
(കബറിന്റെ കിഴക്ക് ഭാഗത്ത് എഴുതിയിരിക്കുന്നു)

# സഭാ ഭാസുരൻ കണ്ടെത്തിയ രത്നദീപം



അഡ്വ. മാത്യു മാംകൂട്ടത്തിൽ
President, MARFA, UAE Chapter

മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഓർത്തഡോക്സ് സഭയെ റോമനുകത്തിൽ കീഴിൽ തളയ്ക്കുവാനായി റീത്ത് പ്രസ്ഥാനം തുടങ്ങുകയും അക്കൂട്ടർ സഭവിട്ടുപോകുകയും ചെയ്തു. ഈവാനിയോസിനെ ബാല്യത്തിൽ തന്നെ കണ്ടെത്തി പഠിപ്പിച്ച് വളർത്തി പൂർണ്ണമായി വിശ്വസിച്ച് തന്റെ പിൻഗാമിയായി കരുതി ഉയർത്തിക്കൊണ്ടുവന്ന വട്ടശ്ശേരി തിരുമേനിയെ ഈവാനിയോസിന്റെ റീത്ത് പ്രസ്ഥാനം തളർത്തി.

ആനപാപ്പിയുടെ കൊലപാതകം, മാർ ഈവാനിയോസിന്റെ കൃതഘ്നത തന്മൂലം സഭക്കുണ്ടായ നഷ്ടം. വാർധക്യസഹജമായ രോഗങ്ങൾ, സഭയുടെ ഭാവിയെപ്പറ്റിയുള്ള ആശങ്ക തനിക്ക് ശേഷം ആര് എന്ന ശൂന്യതാബോധം, സഭാമക്കൾ നേരിടുന്ന കഷ്ടപാടുകൾ തോമാ ശ്ലീഹായാൽ സ്ഥാപിതമായ സഭയെ അണയാതെ സൂക്ഷിക്കുക എന്ന ഉത്തരവാദിത്വം എല്ലാം വട്ടശേരിൽ തിരുമേനിയെ ആകുലചിത്തനാക്കി. ആ പരിശുദ്ധ പിതാവ് ഒട്ടും പതറാതെ പ്രാർത്ഥിച്ചു. എന്റെ കർത്താവും എന്റെ ദൈവമേ മോശക്ക് യോശുവയെ കൊടുത്തതു പോലെ ഒരുവനെ നീ കാണിച്ചു തരണമേ എന്ന് പ്രാർത്ഥിച്ച ആ പിതാവിന്റെ മനസിൽ ഒരു രത്നദീപം തെളിഞ്ഞു. അതായിരുന്നു പുത്തൻകാവിൽ കൊച്ചു തിരുമേനി. പിറ്റേപ്രഭാതത്തിൽ വട്ടശ്ശേരിൽ തിരുമേനിയും സഹായിയും പുത്തൻകാവിലെത്തി. പിതാവായ കിഴക്കേതലയ്ക്കൽ തോമ്മാകത്തനാരോട് ആവശ്യം പറഞ്ഞു. അച്ചൻ പറഞ്ഞു യഹോവ തന്നു അവിടുത്തെ ഇഷ്ടം അങ്ങനെയെങ്കിൽ തിരുമേനി കല്പിച്ചതു പോലെ ആകട്ടെ എന്ന്.

മലങ്കര അസോസിയേഷന്റെ അനുമതിയോടെ ഗീവർഗ്ഗീസ് റമ്പാച്ചനെ ഗീവർഗീസ് മാർ പീലക്സിനോസ് എന്ന നാമത്തിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവ പരുമലയിൽവെച്ച് 1930 നവംബർ 2-ാം തീയതി മെത്രാനാക്കി. വട്ടശ്ശേരിൽ തിരുമേനിയുടെ വെളിപാടുകൾ തെറ്റിയില്ല. 33 കാരനായ കൊച്ചുതിരുമേനി ഒരു കൊടുങ്കാറ്റുപോലെ കേരളമാകെ പടർന്നു. വടക്കൻ കേരളത്തിൽ അന്ത്യോക്യൻ വിഘടനവാദികൾക്കു എതിരെ എങ്കിൽ തെക്കൻ കേരളത്തിൽ റീത്തു പ്രസ്ഥാനക്കാർക്കെതിരെ, സഭയെ അവയിൽ നിന്ന് രക്ഷിക്കേണ്ടതായ ദൗത്യം കൊച്ചുതിരുമേനിയിൽ നിക്ഷിപ്തമായി. പറയാനും പാടാനും ഒരുപോലെ കഴിവ് ഒരാൾക്ക് കിട്ടുക പതിവില്ല . അതിന് വിപരീതമായി അസാമാന്യ വാഗ്മിത്വവും അതുല്യ ഗളശുദ്ധിയും ഒന്നിച്ച തിരുമേനി ഗാനകോകിലം എന്നറിയപ്പെട്ടു. വിദ്യാസമ്പന്നൻ, കായിക ഗംഭീരൻ, അതുല്യ സംഘാടകൻ, ദയാലു, ദീനാനുകമ്പൻ, വിനയാന്വിതൻ സ്വർഗീയ ആരാധനാകർമ്മി, കായികാധ്വാനി, അംബര ചുംബിത വ്യക്തിപ്രഭാവം, താപസൻ രണ്ട് നൂറ്റാണ്ടുകൾ കൊണ്ട് നേടാൻ പറ്റാത്തത് രണ്ട് ദശാബ്ദത്തിലെ മഹാപുരോഹിത്വം കൊണ്ട് നേടിയ വിശുദ്ധൻ. പുത്തൻ യുഗാ യുഗങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന അപൂർവ ജന്മം. സിദ്ധി ജന്മങ്ങൾ അൽപാആയുസ് എന്ന തത്വം തിരുമേനിയിലും അനുവർത്തിക്കപ്പെട്ടു. 53-ാമത്തെ വയസ്സിൽ തന്റെ സഭയ്ക്കു വേണ്ടി നെഞ്ചുവേദന അവഗണിച്ച് ഉജ്ജ്വല പ്രഭാഷണം നടത്തി. ജീവൻ വെടിഞ്ഞു.



1951ലെ കതോലിക്ക ദിനത്തിന് കുന്നംകുളം പഴയ പള്ളിയിലെ തന്റെ അവസാന പ്രസംഗത്തിൽ പറയുന്നു. ഞാൻ ഇന്നോ നാളെയോ മരിച്ചേക്കാം. അവസാനമായി ഞാൻ പറയുന്നു. വട്ടശ്ശേരിൽ തിരുമേനി യുടെ അന്ത്യമൊഴികൾ നിങ്ങൾ വായിച്ചിരിക്കുമല്ലോ ആ മൊഴികൾ നിങ്ങളുടെ ഹൃദയത്തിൽ നിന്നും മാഞ്ഞുപോകരുത്. അതിനാൽ യുവാ ക്കന്മാർ സഭാസ്നേഹികളായി സഭാസേവനത്തിന് കച്ചകെട്ടണം. മലങ്കരസഭയുടെ കാതോലിക്കേറ്റിന്റെ കാവൽ ഭടനായി ജന്മം മുഴുവനും പോരാടി തന്റെ ഗുരുനാഥനെ പ്രണമിച്ച് യുവതലമുറ സഭാസേവനത്തിന് വരണം എന്ന് ആഹ്വാനം ചെയ്തുകൊണ്ട് ആ പുണ്യാത്മാവ് നമ്മെ വിട്ടു പോയി.

കൊച്ചുതിരുമേനിയുടെ പ്രവർത്തനമണ്ഡലം തുമ്പമൺ ഭദ്രാ സനം മാത്രമായിരുന്നില്ല. സഭ ആകമാനമായിരുന്നു. പലവിധ കാരണങ്ങളാൽ മലങ്കര സഭയ്ക്ക് ഈ പിതാവിന്റെ മഹൽസേവ നങ്ങളെ വേണ്ടവിധം തിരിച്ചറിയാനായില്ല. അതേസമയം കൊച്ചു തിരുമേനി നേരിട്ട മാർ ഈവാനിയോസിനെ മറുപക്ഷം ആർച്ച് ബിഷപ്പ് ആക്കിയും സ്മാരകങ്ങൾ നിർമ്മിച്ചും സ്ഥാനമാനങ്ങൾ നൽകിയും ആദരിച്ചപ്പോൾ മലങ്കര സഭയ്ക്കുവേണ്ടി ജീവൻ ത്യജിച്ച ഈ പുണ്യപി താവിന് വേണ്ടി ഒന്നും ചെയ്യാൻ സഭയ്ക്ക് കഴിഞ്ഞില്ല. ഈ കുറവ് പരിഹരിക്കാനാണ് 26 വർഷം മുമ്പ് യു. എ. ഇയിൽ തിരുമേനിയുടെ ആരാധകർ ചേർന്ന് (മാർഫിലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസ്സോസിയേഷൻ **MARPFA**) എന്ന പേരിൽ ഒരു ആത്മീയ സംഘടന തുടങ്ങി. **Mar Philoxenos** ന്റെ ചിന്തകൾ സഭാ വിശ്വാസികളിൽ എത്തിക്കുകയും തന്റെ അകാല വിയോഗത്താൽ അപൂർണ്ണമായി തീർന്ന കർമ്മങ്ങളുടെ പൂർത്തീകരണവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഈ സംഘടന, രോഗികൾ, ഭവനരഹിതർ, അനാഥർ പാവപ്പെട്ട യുവതി കൾ, അംഗവൈകല്യമുള്ളവർ എന്നിങ്ങനെ സമൂഹത്തിന്റെ ആലംബ ഹീനർക്ക് തുണയായി പ്രവർത്തിക്കുന്നതോടൊപ്പം സഭാനിർമ്മാണ പ്രവർത്തനങ്ങളിൽ എളിയതോതിൽ സഹകരിക്കുകയും ചെയ്യുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ അനുമതിയോടും അംഗീകാരത്തോടും പ്രവർത്തിക്കുന്ന ഈ സംഘടന മലങ്കര സഭയ്ക്ക് ആകെ അഭിമാനകര മായി തീർന്നിരിക്കുന്നു.

**MARPFA** യുടെ എളിയ അപേക്ഷയെമാനിച്ച് പുത്തൻ കാവിൽ കൊച്ചുതിരുമേനിയെ കാതോലിക്കേറ്റ് രത്നദീപവുമായി നാമകരണം ചെയ്ത സഭയുടെ സുന്നഹദോസിനോടുള്ള ഭക്തി ആദരവുകൾ സാദരം രേഖപ്പെടുത്തുന്നതോടൊപ്പം അതിന് വേണ്ടി പ്രവർത്തിച്ച സ്വദേശത്തും വിദേശത്തുമുള്ള എല്ലാവരെയും നന്ദിയോടെ സ്മരിക്കു കയും ചെയ്യുന്നു.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മ മായാതെ മങ്ങാതെ ലോകാവസാന ത്തോളം നില നിർത്തുവാൻ നമുക്ക് സാധി ക്കണം. തന്റെ ഗുരുവിനെ പോലെ തന്നെ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടാൻ സർവാത്മനായോഗ്യനായ ഈ പുണ്യപിതാവിന്റെ പ്രാർത്ഥനയിൽ നമുക്ക് ശരണപ്പെടാം.

> എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനു വേ ണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു.
>
> **യാക്കോബ് 5:16**

**പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ഓർമ്മ മായാതെ മങ്ങാതെ ലോകാവസാന ത്തോളം നില നിർത്തുവാൻ നമുക്ക് സാധിക്കണം. തന്റെ ഗുരുവിനെ പോലെ തന്നെവിശുദ്ധ പദവിയിലേക്ക് ഉയർ ത്തപ്പെടാൻ സർവാത്മനായോഗ്യനായ ഈ പുണ്യപിതാവിന്റെ പ്രാർത്ഥനയിൽ നമുക്ക് ശരണപ്പെടാം.**



1939 ജൂൺ 2-ാം തീയതി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹത്താൽ പു ത്തൻകാവ് പള്ളിപ്പടി ജംഗ്ഷനിൽ സ്ഥാപി ക്കപ്പെട്ട കൽക്കുരിശ്

## പുത്തൻകാവിൽ കൊച്ചുതിരുമേനി

# മലങ്കരയുടെ ദാർശനികൻ



ഡോ: മാത്യു പി. ജോസഫ്
പടിഞ്ഞാറേമണ്ണിൽ,
പ്രിൻസിപ്പൽ, കാതോലിക്കേറ്റ് കോളേജ്

മലങ്കര സഭയുടെ ആത്മീയ - ഭൗതിക - വിദ്യാഭ്യാസ മേഖലകളിലെ പുരോഗതി ഒരു ദാർശനികനെപ്പോലെ മുൻക്കൂട്ടി കണ്ട് പ്രവർത്തിച്ച മഹത് വ്യക്തിയാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. ആത്മീയ രംഗത്തെ തിരുമേനിയുടെ കാഴ്ച്ചപ്പാട് വ്യക്തമാക്കുന്നതാണ് പത്തനംതിട്ട ബേയ്സിൽ ദയറ വിദ്യാഭ്യാസ സമ്പന്നരായ അവിവാഹിതരായ ചെറുപ്പകാരായ വൈദികരാണ് സഭയുടെ ആത്മീയ അടിത്തറയ്ക്ക് ആവശ്യമെന്ന് തിരുമേനി മനസ്സിലാക്കി. നിരവധി പ്രഗൽഭരായ ചെറുപ്പക്കാരെ പൗരോഹിത്യത്തിലേക്ക് നയിച്ചു. സഭയുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആണ് എം. സി റോഡിന്റെ സമീപം നിരവധി സഭാകേന്ദ്രങ്ങൾ വേണമെന്ന ചിന്താഗതി തിരുമേനിയ്ക്ക് ഉണ്ടായത്. അടൂർ പറന്തൽ പള്ളി, ചെങ്ങന്നൂർ ബഥേൽ പള്ളി എന്നിവ സ്ഥാപിക്കുവാൻ ഇത് ഇടയാക്കി. ഒരു സമൂഹത്തിന്റെ ഉയർച്ച വിദ്യാഭ്യാസ പുരോഗതിയിലൂടെയാണെന്ന് വിശ്വസിച്ച തിരുമേനി നിരവധി സ്കൂളുകൾ സ്ഥാപിച്ചു. കാതോലിക്കേറ്റ് ഹൈസ്കൂൾ, കിഴവള്ളൂർ സ്കൂൾ. മെത്രാപ്പോലീത്തൻ ഹൈസ്ക്കൂൾ തുടങ്ങിയ സ്കൂളുകൾ അങ്ങനെ സ്ഥാപിച്ചതാണ്. തന്റെ സ്ഥാപനങ്ങൾക്കു വേണ്ടി കായികമായി അദ്ധ്വാനിച്ച ചെറുപ്പക്കാരനായ പുത്തൻകാവിൽ കൊച്ചു തിരുമേനി കണ്ടുമുട്ടുന്ന ഏവരെയും ആകർഷിച്ച വ്യക്തിത്വമാണ്. കാതോലിക്കേറ്റ് ഹൈസ്കൂളിന് വലിയ ആഴത്തിലും വീതിയിലും വാനം എടുക്കുന്നത് എന്തിനാണ് എന്ന് തിരുമേനിയോട് ചോദിച്ചവരോട് തിരുമേനി പറഞ്ഞു ഇത് ഒരു കാലത്ത് കോളേജാകും അന്ന് ഇതിന്റെ മുകളിൽ പല നിലകൾ വരും എന്നാണ്. ഇത് ഒരു ദാർശനികന്റെ കാഴ്ച്ചപ്പാടാണ്. കാതോലിക്കേറ്റ് കോളേജിന് അപേക്ഷ കൊടുത്ത് പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയ തിരുമേനിയ്ക്ക് കോളേജ് അനുവ ദിച്ച ഉത്തരവ് കൈപ്പറ്റാൻ ഭാഗ്യമുണ്ടായില്ല. തിരുമേനി കാലം ചെയ്ത ശേഷമാണ് ഉത്തരവ് വന്നത്. പുസ്തകങ്ങളെ ഏറെ സ്നേഹിച്ച തിരുമേനിയുടെ നാമധേയത്തിൽ അണ് കോളേജിന്റെ ലൈബ്രറി നാമകരണം ചെയ്തിരിക്കുന്നത്. ഇന്ന് ഗീവറുഗീസ് മാർ പീലക്സിനോസ് മെമ്മോ റിയൽ ലൈബ്രറി സുവർണ്ണ ജൂബിലി സ്മാരകമായി ഉയർന്നു നിൽക്കുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനി കല്ലും മണ്ണും ചുമന്ന മണ്ണിലെ തിരുമേനിയുടെ അനശ്വര സ്മാരകമാണ് ഇത്. മലങ്കരസഭയുടെ ഒരു നൂറ്റാണ്ടിന്റെ വികസനങ്ങൾ മുൻകൂട്ടി കണ്ട ദാർശനികനായ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ അനുഗ്രഹങ്ങൾ എക്കാലവും കാതോലിക്കേറ്റ് കോളേജിന് ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



പുത്തൻകാവ് കൊച്ചുതിരുമേനി സ്ഥാപിക്കാൻ മുൻകൈ എടുത്ത പത്തനംതിട്ടയിലെ കാതോലിക്കേറ്റ് കോളേജ്. തിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിച്ച ലൈബ്രറിയും കാണാം

# ദേശത്തിന്റെ പുണ്യം പുത്തൻകാവിൽ കൊച്ചുതിരുമേനി



കോശി ജോർജ്ജ്
കുന്നുംപുറത്ത്
(പുത്തൻകാവ് സെന്റ് മേരീസ്
കത്തീഡ്രൽ ട്രസ്റ്റി)



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ പ്രഖ്യാപിത തീർത്ഥാടന കേന്ദ്രമായ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിലെ ഒരംഗമായി ജനിക്കാൻ സാധിച്ചതിൽ എനിക്കതിയായ അഭിമാനമുണ്ട്. പിതാക്കന്മാരുടെ പ്രാർത്ഥനകളാൽ ഈ പുണ്യഭൂമി എന്നും അനുഗ്രഹീതമാണ്. പുത്തൻകാവിന്റെ മണ്ണിൽ ജനിച്ച് വളർന്ന് സഭയ്ക്ക് എന്നും അഭിമാനമായി മാറിയ ഗീവർഗീസ് മാർ പീലക്സിനോസ് (രത്നദീപം) തിരുമേനിയെ ഓർക്കുമ്പോൾ എനിക്ക് എന്നും ആവേശവും പ്രചോദനവുമാണ്. എന്റെ ജീവിതത്തിന്റെ പ്രവർത്തനമേഖലകളിൽ എല്ലാം ഈ പിതാവ് ആശ്രയവും അഭയകേന്ദ്രവുമായി നിലനിന്നിട്ടുണ്ട്. പരിശുദ്ധ സഭയോടുള്ള അഗാധമായ സ്നേഹവും, യുവതലമുറയോടുള്ള കരുതലും വിദ്യാഭ്യാസ മേഖലയിലെ വീക്ഷണവും ഈ പിതാവിന്റെ പ്രവർത്തന ശൈലിയുടെ പ്രത്യേകതയാണ്. പുത്തൻകാവിലെ ഓരോ കുടുംബത്തേയും, വ്യക്തിയേയും തിരുമേനിക്ക് അടുത്തറിയാം എന്ന പ്രത്യേകത ഉണ്ടായിരുന്നുവെന്ന് എന്റെ പൂർവ്വികർ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ആരാധനയിലെ ഗാനമാധുര്യം പുത്തൻകാവിലെ മക്കളുടെ ഹൃദയത്തിൽ ഇന്നും ഓർമ്മയിൽ നിലനിൽക്കുന്നു.

ചരിത്രം കാലഹരണപ്പെട്ട പോകാതിരിക്കുവാനും, ഈ പിതാവിന്റെ ഓർമ്മകൾ എന്നും നിലനിൽക്കുന്നതിനും ഈ സുവനീർ ഒരു കെടാവിളക്കായി മാറും എന്നതിൽ സംശയമില്ല. പുത്തൻകാവ് എന്ന ദേശം ലോകം അറിയുന്നെങ്കിൽ ഭാഗ്യസ്മരണാർഹനായ പുത്തൻകാവിൽ കൊച്ചുതിരു മേനിയിൽക്കൂടിയാണ്, ആ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠതയും പുണ്യവുമാണ് ഈ നാടിന്റെ അനുഗ്രഹം. ആ പുണ്യം എന്നും നിലനിൽക്കട്ടെ എന്ന പ്രാർത്ഥനയോടെ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് അനുഗ്രഹങ്ങൾക്കായി യാചിക്കാം.

# ആത്മീയ തേജസ്സ്, കൊച്ചുതിരുമേനി

ആദ്ധ്യാത്മിക മേഖലയിൽ ഒരു ഉജ്ജ്വലതാരമായി ശോഭിച്ച് ദൈവസന്നിധിയിൽ ലയിച്ച് സജീവനായിരിക്കുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മാതൃഇടവകയിൽ ഒരു അംഗമാകാൻ കഴിഞ്ഞതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ആ പുണ്യപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന ഈ ദേവാലയത്തിന്റെ ഒരു എളിയ ചുമതലക്കാരനായി ശുശ്രൂഷിപ്പാൻ ഭാഗ്യം ലഭിച്ചതിലും ഞാൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു. മലങ്കരസഭയുടെ - കാവൽഭടനായി കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതം ഓർത്തഡോക്സ് വിശ്വാസികൾക്ക് ഒരിക്കലും മറക്കുവാൻ കഴിയില്ല - മലങ്കരസഭയ്ക്ക് ഉണർവ്വും വിശ്വാസതീക്ഷ്ണതയും നൽകുവാൻ വിശ്രമമില്ലാതെ ഓടിയ വിശ്വാസധീരൻ. സഭാവിശ്വാസം എന്താണ് അതിന്റെ മഹത്വം എന്ത് എന്ന് തന്റെ ജീവിതത്തിലൂടെ അവസാന ശ്വാസം വരെ ശക്തമായി നൽകിയ - ആ പുണ്യപിതാവിന്റെ ജീവിതം മുഴുവനായി മലങ്കരമക്കൾക്ക് നൽകുകയായിരുന്നു. പ്രസംഗമദ്ധ്യേ വേദനയാൽ തന്റെ നെഞ്ച് പിടഞ്ഞപ്പോഴും സർവ്വശക്തൻ ഏൽപ്പിച്ച സഭയെക്കുറിച്ചുള്ള എരിവ് തന്നെ തളർത്തിയില്ല. അവസാനശ്വാസം വരെ ഈ സഭയെ തന്റെ നെഞ്ചിലേറ്റി.... തന്റെ ശരീരവേദനയേക്കാൾ പ്രാധാന്യം വിശ്വാസസമൂഹത്തോടുള്ള ഉത്തരവാദിത്വം ആണെന്ന് ആ പുണ്യപിതാവ് വിശ്വസിച്ച് - കർമ്മനിരതനായി - ദൈവസന്നിധിയിൽ അവകാശിയായി തീർന്നു. പുത്തൻകാവ് കത്തീഡ്രലിൽ പരിശുദ്ധന്റെ കബറിങ്കലേക്ക് അനേക വിശ്വാസികൾ കടന്നുവന്ന് അനുഗ്രഹം പ്രാപിക്കുന്നു. വിശുദ്ധനായി വിശ്വാസമനസ്സുകൾ പുത്തൻകാവിൽ കൊച്ചുതിരുമേനിയെ കാണുന്നു. അനേകർ തങ്ങൾക്ക് ലഭിച്ച് അനുഗ്രഹങ്ങൾ സാക്ഷിക്കുന്നു. അനേക വിദ്യാർത്ഥികൾ പുണ്യവാന്റെ കബറിങ്കൽ വന്ന് പ്രാർത്ഥിക്കുന്നു. ജീവിച്ചിരിക്കെ ഒരു നല്ല അദ്ധ്യാപകൻ കൂടിയായിരുന്നു കൊച്ചുതിരുമേനി ആ ഗുരുവിനെ മനസ്സിൽ ധ്യാനിച്ച് കുഞ്ഞുങ്ങൾ അനുഗ്രഹം പ്രാപിക്കുന്നു.

വിശ്വാസപരമായ കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറായിരുന്നില്ല ഈ പുണ്യപിതാവ് സഭയുടെ വിശ്വാസ സത്യങ്ങളിലും പാരമ്പര്യങ്ങളിലും മായം ചേർക്കുവാൻ അനുവദിച്ചിരുന്നില്ല. അതിനായി വിശ്രമമില്ലാതെ ഓടി - സ്വർഗ്ഗീയ ആരാധനയുടെ ഉടമയായ പുണ്യപിതാവിന്റെ ജീവിതം പൂർണ്ണമായി സഭയ്ക്കായി സമർപ്പിച്ചതായിരുന്നു... പുത്തൻകാവിൽ കൊച്ചുതിരുമേനി എല്ലാവരുടേയും ഹൃദയങ്ങളിൽ ജീവിക്കുന്നു പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് അനുഗ്രഹമായി തീരട്ടെ.




വർഗീസ് തോമസ്,
കത്തീഡ്രൽ സെക്രട്ടറി,
മലയിൽ അയിരുക്കുഴിയിൽ, , പുത്തൻകാവ്

# പുത്തൻകാവിൽ കൊച്ചുതിരുമേനി ഞങ്ങളുടെ നാടിന്റെ അനുഗ്രഹം

*"കഴുകി മൺമയരെ നീൻ പുത്രൻ തൻ കരകളെ നീ കഴുകേണം കൃപയാൽ"*
*എന്നു പാടികൊണ്ട് മുട്ടുകുത്തി കാൽകഴുകുന്ന രംഗം ആർക്കും വിസ്മരിക്കാൻ കഴിയാത്തതാണ്.*



ജോസ്.കെ.ജോർജ്ജ്
പുത്തൻകാവ്



പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്ത് 23 വർഷങ്ങൾക്കു ശേഷമാണ് ഞാൻ ജനിച്ചത്. എനിക്ക് ഓർമ്മ വെച്ച നാൾ മുതൽ ഭയഭക്തിയോടെ കൊച്ചുതിരു മേനിയെപ്പറ്റി എന്റെ മാതാപിതാക്കളും നാട്ടുകാരും പറയുന്നത് കേട്ടാണ് ഞാൻ വളർന്നത്. എന്റെ വീടിന്റെ സമീപമാണ് തിരുമേനിയുടെ കുടുംബവീട്. ചെറുപ്പം മുതൽ ഞാൻ തൊട്ടുവണങ്ങുന്ന കൊച്ചുതിരുമേനിയുടെ കബറിടം ഞങ്ങളുടെ നാടിന്റെ അനുഗ്രഹമാണ്.

പുത്തൻകാവിൽ കൊച്ചുതിരുമേനി എത്ര പ്രായമായി മരിച്ചവരുടെയും ശവസംസ്ക്കാരം നടത്തിയാലും അതിൽ പങ്കെടുക്കുന്നവർ തിരുമേനിയുടെ വായനയും പാട്ടും കേൾക്കുമ്പോൾ കരഞ്ഞുപോകുന്ന അനുഭവം ഉണ്ടാകാറു ണ്ടെന്ന് ഞാൻ പറഞ്ഞ് കേട്ടിട്ടുണ്ട്.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കാൽകഴുകൽ ശുശ്രൂഷ പുത്തൻപള്ളിയിൽ നടത്തിയത് ആർക്കും വിസ്മരിക്കാൻ കഴിയാത്ത ഭക്തിയുടെ അനുഭവമാണെന്ന് പങ്കെടുത്തവർ പറയാറുണ്ട്. മഹാകവി മാത്തൻ തരകനെ കൊണ്ട് എഴുതിപ്പിച്ച ഗീതങ്ങൾ തിരുമേനി കാൽകഴുകൽ ശുശ്രൂഷയ്ക്ക് ഉപയോഗിച്ചിട്ടുണ്ട്.

കഴുകി മൺമയരെ നീൻ പുത്രൻ
തൻ കരകളെ നീ കഴുകേണം കൃപയാൽ"

എന്നു പാടികൊണ്ട് മുട്ടുകുത്തി കാൽകഴുകുന്ന രംഗം ആർക്കും വിസ്മരിക്കാൻ കഴിയാത്തതാണ്. പുത്തൻകാവ് പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുമ്പോൾ പുത്തൻ കാവിൽ കൊച്ചുതിരുമേനിയുടെ പ്രാർത്ഥനയും കണ്ണുനീരും വീണ സ്ഥലമാണെന്ന ചിന്ത എപ്പോഴും എന്റെ മനസ്സിൽ വരാറുണ്ട്.

കാണാൻ കഴിഞ്ഞില്ലെങ്കിലും ഞാൻ ഉൾപ്പെടെ അനേകർക്ക് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹം അനുഭവിച്ചറിയുവാൻ സാധിച്ചിട്ടുണ്ട്. പുത്തൻകാവിൽ കൊച്ചുതിരുമേനി നമ്മുടെ അനുഗ്രഹമാണ് പരിശുദ്ധ പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

# മലങ്കരയുടെ രത്നദീപം



**പ്രിയാ ജേക്കബ്**
പ്രിൻസിപ്പൽ, മെട്രാപ്പോലീറ്റൻ
എച്ച്.എസ്.എസ്

*തിരുമേനിയുടെ കബറിടത്തിൽ നിന്നും ലഭിക്കുന്ന പോസിറ്റീവ് എനർജി എന്റെ സഹപ്രവർത്തകർക്കും കുട്ടികൾക്കും വാക്കുകൾക്കതീതമാണ്. കബറിങ്കലെത്തി ആ തിരുമുഖത്തേക്കു നോക്കി മൗനപ്രഭാഷണം നടത്തി നടകളിറങ്ങുമ്പോൾ തന്നെ മറുപടികളെല്ലാം കൂടെക്കാണും.*

പുത്തൻകാവ് മെട്രോപ്പോലീറ്റൻ സ്കൂളിൽ അദ്ധ്യാപനത്തിനും അദ്ധ്യയനത്തിനും എത്തുന്നത് ഒരു ദൈവനിയോഗമാണ്. അന്യദേശങ്ങളിൽ നിന്ന് സ്കൂളിലെ പ്രധാന പരിപാടികൾക്കെത്തുന്ന ഉന്നതവ്യക്തികൾ ഈ തിരുമുറ്റത്ത് എത്തുമ്പോൾ വേദികളിൽ എപ്പോഴും അനുസ്മരിക്കുന്നത് ഇവിടെ അനുഭവപ്പെടുന്ന ആത്മീയ ചൈതന്യത്തെപ്പറ്റിയാണ്. ഈ അനുഗ്രഹസ്പർശം ഈ വിദ്യാലയത്തിലെത്തുന്ന ഏവർക്കും അനുഭവവേദ്യമാണ്. പ്രധാനകവാടം കടന്നുവരുന്ന വിദ്യാർത്ഥികൾ സ്കൂളിന്റെ ഹൃദയഭാഗത്ത് പ്രശോഭിക്കുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ചിത്രത്തിൽ നോക്കി വണങ്ങുന്നത് ഞാൻ ഹൃദയമിടിപ്പോടെ കാണാറുണ്ട്.

തിരുമേനിയുടെ കബറിടത്തിൽ നിന്നും തുടങ്ങുന്ന ഓരോ ദിനങ്ങളും അനുഗ്രഹപ്രദം തന്നെ. കൃസൃതി കുട്ടന്മാരെ മര്യാദരാമന്മാരാക്കാനുള്ള ചെപ്പടിവിദ്യ എനിക്കറിയില്ല. ഔദ്യോഗികമായ കനത്ത ഭാരങ്ങൾ ചുമക്കുവാൻ ഞാൻ അപ്രാപ്തയാണ്, ക്രിയാത്മകമായ തീരുമാനങ്ങൾ എങ്ങനെയെടുക്കണം ഈ പരിഭവങ്ങളുടെയെല്ലാം നീക്കുപോക്കുകൾ, പോംവഴികൾ ആ കബറിങ്കൽ നിന്നും വരും. തിരുമനസ്സിന്റെ രക്തം വിയർപ്പായി മാറിയ ഈ മണ്ണിൽ അധ്വാനിക്കാതെ അപ്പം ഭക്ഷിക്കുവാൻ ആർക്കും അവകാശമില്ല. ഇത് ഞാൻ മനസ്സിലാക്കിയ ജീവിത പാഠമാണ്. പുണ്യശ്ലോകനായ ആ പിതാവ് അതിനായി നമ്മെ പ്രേരിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുമെന്നതാണ് അത്ഭുതം.

തിരുമേനിയുടെ കബറിടത്തിൽ നിന്നും ലഭിക്കുന്ന പോസിറ്റീവ് എനർജി എന്റെ സഹപ്രവർത്തകർക്കും കുട്ടികൾക്കും വാക്കുകൾക്കതീതമാണ്. കബറിങ്കലെത്തി ആ തിരുമുഖത്തേക്കു നോക്കി മൗനപ്രഭാഷണം നടത്തി നടകളിറങ്ങുമ്പോൾ തന്നെ മറുപടികളെല്ലാം കൂടെക്കാണും. കബറിടം നിങ്ങൾക്ക് അഭയസ്ഥാനമെന്ന് കുട്ടികളോട് പറയുവാനുള്ള ആത്മധൈര്യം ഈ അനുഭവങ്ങളിൽ നിന്നാണ്. രണ്ടുവർഷത്തെ പഠനം കഴിഞ്ഞ് പോകുമ്പോൾ ഇത്തരം അനുഭവങ്ങൾ അവർക്ക് കൂട്ടായുണ്ടാകും. 2011 വർഷത്തെ പ്ലസ്ടു മാർക്ക് ലിസ്റ്റ് വാങ്ങാൻ ഒരു സംഘം പെൺകുട്ടികൾ ഓഫീസിൽ ആഹ്ലാദഭരിതരായി കടന്നുവന്നു. അവരിൽ അക്രൈസ്തവയായ 90%ത്തിലധികം മാർക്കുവാങ്ങിയ അങ്ങാടിക്കൽ സ്വദേശിയായ ദൃശ്യ യു.പി. എന്ന പെൺക്കുട്ടി മാർക്കിലിസ്റ്റ് എന്റെ മുമ്പിൽ വെച്ച് ഏങ്ങിക്കരഞ്ഞു. പരീക്ഷയുടെ ആദ്യദിനം അവൾക്ക് കടുത്ത പനിയായിരുന്നു. രണ്ടാം ദിവസം അത് മൂർച്ഛിച്ചു. കൈകാലുകൾ തളരുന്നതുപോലെ മറ്റുകുട്ടികൾക്കൊപ്പം പരീക്ഷാദിനങ്ങളിൽ കബറിങ്കൽ പോകുന്ന അവൾ കരഞ്ഞാണ് അന്ന് മടങ്ങിയത്. പരീക്ഷാഹാളിൽ പ്രവേശിച്ച ആ കുട്ടിക്ക് ഒരു പ്രത്യേക ഉന്മേഷം തോന്നി. ആ വിഷയത്തിനു മാർക്ക്ലിസ്റ്റിൽ നൂറിൽ നൂറ് മാർക്ക്. പരീക്ഷയുടെ എല്ലാ ദിവസവും അവൾ കബറിങ്കൽ പ്രാർത്ഥിച്ചു. രോഗത്തിന്റെ ആലസ്യമെല്ലാം ഹാളിൽ ചെല്ലുമ്പോൾ മാറികിട്ടും. റിസൽറ്റ് അറിഞ്ഞ് മാർക്കിലിസ്റ്റ് വാങ്ങിയപ്പോഴാണ് ഇക്കാര്യം തന്റെ സുഹൃത്തുക്കൾക്ക് മദ്ധ്യേ സാക്ഷിച്ചത്. നിറകണ്ണുകളോടെ ഞാനിത് ഓർമ്മിക്കുന്നു. ഈ വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും ആ പിതാവിന്റെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളുടെ നിയോഗത്തെക്കുറിച്ചുള്ള ഉൾവിളി അവിടെനിന്നും ഞങ്ങൾ ഏറ്റുവാങ്ങുന്നു. കണ്ണടച്ചാലും കാണാൻ കഴിയുന്ന പ്രതിച്ഛായയും കാതടച്ചലും കേൾക്കാൻ കഴിയുന്ന ഗാനവുമാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി.

# മലങ്കരസഭയുടെ മാണിക്യം

മലങ്കര ഓർത്തഡോക്സ് സഭയെ ഭൗതിക നേട്ടങ്ങൾ ലക്ഷ്യംവെച്ച് റോമാ സഭയുമായി ലയിപ്പിക്കുവാൻ ശ്രമിച്ച ഒരു എം. എ. അച്ചനു പകരമായി പരിശുദ്ധ വട്ടശ്ശേരി തിരുമേനി കണ്ടെത്തിയ മാണിക്യമാണ് രണ്ടാംക്ലാസ്സ് എം.എ. കാരനായ കെ.ടി. ഗീവർഗീസ് ശെമ്മാശൻ. 33-ാം വയസ്സിൽ മെത്രാപ്പോലീത്തയായ തിരുമേനി മലങ്കരസഭയുടെ കൊച്ചുതിരുമേനിയായിരുന്നു.

റീത്ത് പ്രസ്ഥാനത്തിന് പണത്തിന്റെ പിൻബലമുള്ളപ്പോൾ പ്രാർത്ഥനയുടെ പിൻബലവും സഭാവിശ്വാസവും കൈമുതലാക്കിയ പുത്തൻകാവിൽ കൊച്ചുതിരുമേനി തനിക്ക് കിട്ടിയ 20ഉം 25ഉം രൂപയുടെ കൈമുത്തുകൾ കൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച മഹാപുരോഹിതനായിരുന്നു. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ, കിഴവള്ളൂർ സെന്റ് ജോർജ് ഹൈസ്കൂൾ, പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂൾ എന്നിവ തിരുമേനിയുടെ കണ്ണീരും വിയർപ്പും കൊണ്ട് പണിതുയർത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആണ്. മലങ്കരസഭയുടെ ആദ്യത്തെ കോളേജായ കാതോലിക്കേറ്റ് കോളേജ് സ്ഥാപിക്കാൻ അപേക്ഷ നൽകി മുൻകൈ എടുത്തതും തിരുമേനിയാണ്.

പുത്തൻകാവിൽ കൊച്ചുതിരുമേനി സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ച സാധാരണക്കാരായ വിദ്യാർത്ഥികൾക്ക്പോലും വലിയ അനുഗ്രഹമാണ് ദൈവം കനിഞ്ഞ് നൽകിയിരിക്കുന്നത് എന്നത് ഒരു നഗ്നസത്യമാണ്. വിവിധ നിലകളിൽ പരിലസിക്കുന്ന വ്യക്തികൾ സഭയിലും മറ്റ് മേഖലകളിലും ഉയർന്നുവരാൻ തിരുമേനിയുടെ ദീർഘവീക്ഷണം സഹായിച്ചു.

പുത്തൻകാവിലെ സാധാരണക്കാരായ ജനങ്ങളുടെ ഹൃദയം കവർന്ന മഹാപുരോഹിതനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. തന്റെ നാട്ടുകാരെ പേര് ചൊല്ലി വിളിക്കുവാനും സ്നേഹിക്കുവാനും അദ്ദേഹം വലിയ ഉൽസാഹം കാണിച്ചിരുന്നു. എന്റെ പിതാവ് എ.ഇ. അലക്സാണ്ടറിന് (കുഞ്ഞച്ചൻ) പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സ്നേഹവും അനുഗ്രഹവും ധാരാളം കിട്ടിയ വ്യക്തിയാണ്. ഞങ്ങളുടെ കുടുംബത്തിന് അത് അനുഗ്രഹമായി ഭവിച്ചെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് എന്റെ ഒരു സാക്ഷ്യമാണ്.

ജാതിമതഭേദമില്ലാതെ ഏവരുടെയും പുരോഗതിയ്ക്കും നന്മയ്ക്കും വേണ്ടി പ്രവർത്തിക്കുകയും സ്നേഹബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്ത തിരുമേനിയുടെ മുദ്രവാക്യം "എന്റെ ദൈവം എന്റെ സഭ" എന്നതായിരുന്നു. കാതോലിക്കേറ്റിന്റെ വളർച്ചയ്ക്ക് ഇത് സഹായിച്ചു.

അതുകൊണ്ടാണ് സഭവിട്ടുപോയ കൽക്കട്ട സെറാപൂർ കോളേജിലെ തന്റെ ഗുരുനാഥനായ മാർ ഈവാനിയോസ് തിരുമേനിയുടെ നടപടികളെ വ്യക്തിബന്ധം നിലനിർത്തിക്കൊണ്ടുതന്നെ കൊച്ചുതിരുമേനി നഖശിഖാന്തം എതിർത്തുകൊണ്ട് കേരളം മുഴുവൻ സഞ്ചരിച്ച് ഓർത്തഡോക്സ് വിശ്വാസ സംരക്ഷണത്തിനായി പ്രസംഗിച്ചതും പ്രവർത്തിച്ചതും.

തന്റെ ഇംഗിതത്തിന് വഴങ്ങിയില്ലെങ്കിലും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വ്യക്തിത്വത്തെ മാർ ഈവാനിയോസ് ബഹുമാനിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ അനുശോചന പ്രസംഗത്തിൽ നിന്ന് വ്യക്തമാണ്.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിലേക്ക് കടന്നുവരുന്ന നാനാജാതി മതസ്ഥർക്ക് ആശ്വാസവും അനുഗ്രഹവും ലഭിക്കുന്നു എന്ന നിരവധി അനുഭവ സാക്ഷ്യങ്ങൾ കേൾക്കുമ്പോൾ ആ പുണ്യ പിതാവ് ജനിച്ച മണ്ണിൽ ജനിക്കുവാൻ ഇടയാക്കിയ ദൈവത്തെ സ്തുതിക്കുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മദ്ധ്യസ്ഥത തലമുറകൾക്ക് കോട്ടയായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



ബാബു അലക്സാണ്ടർ
മദ്യവർജ്ജന പ്രസ്ഥാനം
ചെങ്ങന്നൂർ ഭദ്രാസന
കോ-ഓർഡിനേറ്റർ





വെരി.റവ.സി.എം. ഫിലിപ്പോസ് റമ്പാൻ
കോർഎപ്പിസ്കോപ്പ
പുത്തൻകാവ്

### പുത്തൻകാവിൽ കൊച്ചുതിരുമേനി

# നിത്യഹരിത ഓർമ്മകൾ

പുത്തൻകാവിൽ കൊച്ചുതിരുമേനി മനസ്സിൽ എന്നു നിലനിൽക്കുന്ന ഓർമ്മകളാണ്. ബാലനായിരിക്കുമ്പോൾ ആ പരിശുദ്ധ പിതാവിന്റെ കാലുകൾ തിരുമ്മി കൊടുക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിട്ടുണ്ട്. ആ പരിശുദ്ധ കൈ കൊണ്ടുള്ള കിഴുക്ക് കിട്ടിയ ഓർമ്മകളും എനിക്ക് ഉണ്ട്. കോയമ്പത്തൂർ തടാകം ആശ്രമത്തിൽ എന്നെ  വിടണമെന്ന ആഗ്രഹം തിരുമേനി പറഞ്ഞിട്ടുണ്ട്. പുത്തൻകാവ് സ്കൂളിൽ മത്തായി സാർ ഇംഗ്ലീഷിന്റെ ക്ലാസ്സെടുക്കുന്ന അവസരത്തിൽ മത്തായി സാറിന്റെ അനുമതി വാങ്ങി തിരുമേനി പഠിപ്പിച്ച ഇംഗ്ലീഷ് ക്ലാസ്സ് ഇന്നും ഓർമ്മിക്കുന്നു. എന്റെ കുടുംബവുമായി തിരുമേനിയ്ക്ക് നല്ല സ്നേഹ ബന്ധം ഉണ്ടായിരുന്നു. അപ്രതീക്ഷമായി സഭയ്ക്ക് നഷ്ടപ്പെട്ട ഒരു ഉജ്ജ്വല പ്രതിഭയായിരുന്നു തിരുമേനി. അതിന് തെളിവായി എന്നോട് പരിശുദ്ധ ഗീവറുഗീസ് ദ്വിതീയ ബാവ പറഞ്ഞ ഒരു വാചകം ഞാൻ ഓർക്കുന്നു. 1953-ൽ സഭയിൽ അഞ്ചു മെത്രാപ്പോലീത്താമാരെ വാഴിച്ചതിനെ പറ്റി പറഞ്ഞത് പുത്തൻകാവിൽ കൊച്ചുതിരുമേനി ജീവിച്ച് ഇരിപ്പുണ്ടായിരിന്നെങ്കിൽ ഈ അഞ്ച് മെത്രാപ്പോലീത്താമാരെ വാഴിക്കേണ്ട ആവശ്യമില്ലായിരുന്നു എന്നാണ്. അതേ പുത്തൻകാവിൽ കൊച്ചുതിരുമേനി സഭ ആകമാനം ഓടി നടന്ന് അഞ്ച് മെത്രാപ്പോലീത്താമാർക്ക് തുല്യമായി കഠിന അദ്ധ്വാനം ചെയ്ത പുണ്യപിതാവായിരുന്നു. പുത്തൻകാവിനെ ഏറെ സ്നേഹിച്ച പിതാവായിരുന്നു. പുത്തൻകാവിൽ മെത്രാപ്പോലീത്തൻ സ്കൂൾ സ്ഥാപിക്കുവാനുള്ള ആദ്യ രണ്ട് ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ പുത്തൻകാവിൽ പള്ളിയുടെ മദ്ബഹായിൽ കാപ്പ ഇട്ട് കുർബ്ബാന മദ്ധ്യേ തിരുമേനി പ്രസംഗിച്ചു. നിങ്ങളിൽ ആരും പുത്തൻകാവിൽ സ്കൂൾ സ്ഥാപിക്കുന്നതിന് എതിര് നിൽക്കരുത് ഞാൻ ഈ സ്കൂൾ സ്ഥാപിക്കുന്നത് ഇവിടുത്തെ പാവപ്പെട്ട കുട്ടികൾക്ക് വേണ്ടിയാണ്. പുത്തൻകാവിൽ കോളേജിന് സ്ഥലം കണ്ടെത്തുന്നതിന് തിരുമേനി നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. അതുകൊണ്ട് പുത്തൻകാവിന് കോളേജ് നഷ്ടപ്പെട്ടു. പുത്തൻകാവിന്റെ തലമുറകളോളം അനുഗ്രഹമായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മയ്ക്ക് മുമ്പിൽ തല കുനിക്കുകയാണ്.

# പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനശ്വരമായ സ്മരണകൾ



വെരി.റവ.ടി.എം സഖറിയ
കോർഎപ്പിസ്കോപ്പാ
തയ്യിൽ, ഇടനാട്

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ആഗ്രഹപ്രകാരം 1950-ൽ പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളിൽ ഞാൻ ചേർന്നു. കടത്ത് വള്ളം മാത്രമാണ് സ്കൂളിൽ പോകാൻ ആശ്രയം. വെള്ളം പൊങ്ങുമ്പോൾ സ്കൂളിൽ പോകുന്നത് വലിയ പ്രയാസമാണ്. ഒരിക്കൽ വലിയ വെള്ളപൊക്കം ഉള്ള ദിവസം സ്കൂളിൽ പോയി. വൈകിട്ട് സ്കൂൾ വിട്ടതിന് ശേഷം പെൺകുട്ടികൾ അടക്കം പതിനഞ്ചോളം വിദ്യാർത്ഥികൾ സ്കൂളിന് താഴെയുള്ള കടവിൽ നിന്ന് കടത്ത് വള്ളത്തിൽ കയറി വള്ളം നീങ്ങി. വലിയ ഒരു ചുഴി ഉണ്ടായി. ഞങ്ങളുടെ വള്ളം ചുഴിയിൽ പെട്ടു. കുട്ടികൾ നിലവിളിച്ചു. വള്ളം മറിഞ്ഞ് അപകടത്തിൽ പെടുമെന്ന് തീർച്ചയാക്കി. പുത്തൻകാവിൽ കൊച്ചുതിരുമേനി പ്രാർത്ഥിച്ചുകൊണ്ട് ഞങ്ങളെ നോക്കി നിൽക്കുന്നുണ്ടായിരുന്നു. ഒരു അപകടവും കൂടാതെ വള്ളം ഇടനാട്ടിലെ കരയ്ക്ക് ഇടിച്ചു കയറി. ആ ആത്മീയ പിതാവിന്റെ പ്രാർത്ഥനയാണ് ഞങ്ങളെ അപകടത്തിൽ നിന്ന് രക്ഷിച്ചതെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

പുത്തൻകാവ് ഹൈസ്കൂളിൽ പഠിക്കുമ്പോൾ അധ്യാപകർ ഇല്ലാത്ത അവസരത്തിൽ തിരുമേനി വന്ന് ക്ലാസ്സ് എടുക്കുന്നത് ഞങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു. ഒരുദിവസം ഇന്റർവെൽ സമയത്ത് സ്കൂളിന്റെ ഗ്രൗണ്ടിലേക്ക് ഞാൻ ഓടി ചെന്നപ്പോൾ കണ്ട കാഴ്ച തിരുമേനി പണിക്കാരോട് ചേർന്ന് അലവാങ്ക് ഉപയോഗിച്ച് ഗ്രൗണ്ടിലെ കല്ലുകൾ ഇളക്കുന്നതാണ്. അതിനുശേഷം തിരുമേനി ഒരു പാറയിൽ വിയർത്ത് ഇരിക്കുന്നു. മസ്നിപ്സയുടെ പുറകുവശം മുന്നോട്ട് ഇട്ടിരുന്നു. വെയിലത്ത് വിയർപ്പിൽ കുളിച്ച് ഇരിക്കുകയായിരുന്നു. ഞാൻ സ്കൂളിൽ പോയി കുട എടുത്തുകൊണ്ട് വന്ന് തിരുമേനിയ്ക്ക് പിടിച്ചു കൊടുത്തു. എന്റെ കൈയ്യിൽ തട്ടികൊണ്ട് തിരുമേനി പറഞ്ഞു "എടാ തൈയ്യിലാനെ നിനക്കും കൂട്ടുകാർക്കും കളിക്കാൻ വേണ്ടിയാണ് ഞാൻ ഈ കഷ്ടപ്പെടുന്നത്" കാതുകളിൽ ഈ വാചകം ഇപ്പോഴും മുഴങ്ങുന്നു. ഇടനാട് പള്ളിയിലും പുത്തൻകാവ് പള്ളിയിലും മദ്ബഹായിൽ തിരുമേനി അർപ്പിച്ച കുർബ്ബാനയ്ക്ക് പങ്കെടുത്തത് ജീവിതത്തിൽ ഒരിക്കലും മറക്കാനാവില്ല. ആ ശബ്ദമാധുര്യം പിന്നീട് ഒരിക്കലും കേട്ടിട്ടില്ല. വൈദീക രംഗത്തേക്ക് എന്നെ ആകർഷിച്ച വലിയ ഒരു ഘടകം പുത്തൻകാവിൽ കൊച്ചുതിരുമേനിയാണ്. തിരുമേനിയെ മനഃപൂർവ്വം വിവാഹത്തിന് ക്ഷണിക്കാത്ത ചില വീടുകളിൽ വിവാഹതലേന്ന് തിരുമേനി കടന്ന് ചെന്ന് പ്രാർത്ഥിച്ച് കലവറയിൽ കയറി ഒരു പഴം എടുത്ത് കഴിച്ചിട്ട് ദൈവം നിന്റെ കുടുംബത്തെ അനുഗ്രഹിക്കട്ടെ എന്ന് പറഞ്ഞ് തിരിഞ്ഞ് നടക്കുമ്പോൾ ആ കുടുംബനാഥൻ തിരുമേനിയുടെ പൊൻകരം പിടിച്ച് നിറകണ്ണുകളോടെ മുത്തുമായിരുന്നു.

തിരുമേനി കാലം ചെയ്ത വാർത്ത കേട്ടപ്പോൾ ഞാൻ നെഞ്ചത്ത് അടിച്ച് കരഞ്ഞു. ഇറപ്പുഴ പാലത്തിന് സമീപം ചെന്ന് ആ വിലാപയാത്രയിൽ പങ്കെടുത്തു. പുത്തൻകാവ് പള്ളിയിൽ കരഞ്ഞുകൊണ്ട് ആ കബറടക്കത്തിൽ പങ്കെടുത്തത് ഇന്നത്തെപോലെ ഓർക്കുന്നു. അന്നത്തെപോലൊരു ജനക്കൂട്ടം പിന്നീട് ഒരു അവസരത്തിലും ഞാൻ കണ്ടിട്ടില്ല. പരിശുദ്ധ പിതാവേ അങ്ങയുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമേ....

## പുത്തൻകാവിൽ കൊച്ചുതിരുമേനി

# മലങ്കരസഭയുടെ അപ്രഖ്യാപിത പരിശുദ്ധൻ



സുനിൽ പി. ഉമ്മൻ
അദ്ധ്യാപകൻ, മെത്രാപ്പോലീത്തൻ
ഹയർ സെക്കന്ററി സ്കൂൾ
പുത്തൻകാവ്

1930 മുതൽ 1951 ഏപ്രിൽ 17 വരെ തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത മലങ്കരസഭയിലെ ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന അപ്രഖ്യാപിത പരിശുദ്ധനാണ്. കാലം ചെയ്തിട്ട് 63 വർഷങ്ങൾ പിന്നിടുമ്പോഴും തിരുമേനിയെ നേരിൽ കണ്ട തലമുറയ്ക്ക് തിരുമേനിയുടെ ഓർമ്മകൾ ആവേശഭരിതമാണ്. കേവലം 54 വർഷത്തെ ജീവിതം കൊണ്ട് മലങ്കരസഭയെ ഇത്രമാത്രം സ്വാധിനിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി ഇന്നും ഒരു അത്ഭുതമാണ്.

പാവങ്ങളോട് താദാത്മ്യം പ്രാപിച്ച ജീവിത ശൈലിയാണ് തിരുമേനി സ്വീകരിച്ചത്. തന്റെ സ്ഥാപനങ്ങൾക്കുവേണ്ടി കായികമായി അദ്ധ്വാനിച്ച് കല്ലും മണ്ണും ചുമക്കുന്ന മെത്രാപ്പോലീത്തായുടെ രൂപം പഴയ തലമുറയ്ക്ക് സുപരിചിതമാണ്. മലങ്കര സഭയിൽ ആർക്കും അവകാശപ്പെടാൻ കഴിയാത്ത നിരവധി പ്രത്യേകതകൾ തിരുമേനിക്ക് ഉണ്ടായിരുന്നു. സഭയിൽ കൺവെൻഷനുകൾക്ക് തുടക്കം കുറിച്ചത് പുത്തൻകാവിൽ കൊച്ചുതിരുമേനി ആണ്. മലങ്കര സഭ ജന്മം നൽകിയ അപൂർവ്വ വാഗ്മിയായിരുന്നു തിരുമേനി. ഓർത്തഡോക്സ് സഭയുടെ ആരാധന എത്രമാത്രം ആകർഷകമാണെന്ന് തെളിയിച്ചത് തിരുമേനിയുടെ ശബ്ദമായിരുന്നു. മഹാരാഷ്ട്രയുടെ മുൻ ഗവർണർ അന്തരിച്ച ഡോ. പി.സി. അലക്സാണ്ടർ പറഞ്ഞത് "പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വിശുദ്ധ കുർബ്ബാന കാണുമ്പോൾ സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരുന്ന അനുഭവമാണ്" എന്നാണ്. സഭയുടെ ആദ്യത്തെ കോളേജായ കാതോലിക്കേറ്റ് കോളജ് സ്ഥാപിക്കുവാൻ അപേക്ഷ നൽകി മുൻകൈ എടുത്തത് തിരുമേനിയാണ്. തിരുമേനി കാലം ചെയ്തതിന് ശേഷമാണ് അനുമതി ലഭിച്ചത്. പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂൾ ഉൾപ്പെടുന്ന നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അദ്ദേഹം സ്ഥാപിച്ചു. "കപ്പയും വെള്ളവും കുടിച്ചാണെങ്കിലും നമ്മുടെ കുട്ടികൾ പത്താം ക്ലാസ്സ് വരെ പഠിക്കണമെന്നും വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഒരു തലമുറയ്ക്ക് വളരുവാൻ സാധിക്കുകയുള്ളുവെന്ന്" തിരുമേനി പറയുമായിരുന്നു. തിരുമേനിയുടെ ആ വിശ്വാസമാണ് പുത്തൻകാവിലും സമീപപ്രദേശങ്ങളിലും ഇന്ന് കാണുന്ന സാമ്പത്തിക പുരോഗതിയ്ക്ക് കാരണം. നാനാജാതി മതസ്ഥർക്കായി താൻ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ അദ്ദേഹം ഹൃദയപൂർവ്വം തുറന്നുകൊടുത്തു. പിന്നോക്ക വിഭാഗങ്ങളോട് തിരുമേനിക്ക് പ്രത്യേക വാത്സല്യമുണ്ടായിരുന്നു.ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ കഴിയാതെ പച്ചവെള്ളം കുടിച്ച് മുഖം കഴുകി പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളിൽ പഠിച്ച പി.എം. നാരായണൻ എന്ന കുട്ടിയെ തിരുമേനി കണ്ടുപിടിച്ച് തന്റെയൊപ്പം ഇരുത്തി ഭക്ഷണം കൊടുക്കാറുണ്ടായിരുന്നു. കോട്ടയം എം.ജി.യൂണിവേഴ്സിറ്റിയിൽ നിന്ന് റിട്ടയർ ചെയ്ത് വിശ്രമജീവിതം നയിക്കുന്ന പിരളശ്ശേരി പള്ളിക്കൽ പടിഞ്ഞാറ്റേത്ത് ഗീതാഭവനത്തിൽ പി.എം. നാരായണൻ (78) നിറകണ്ണുകളോടെ ഇത് സാക്ഷിയ്ക്കുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനി ഒരു കുട്ടിയെ നോക്കി ഇവനെ സഭയ്ക്ക് വേണമെന്ന് പറഞ്ഞാൽ മലങ്കരയിലെ ഏത് മാതാപിതാക്കളും അവനെ സഭാപ്രവർത്തനത്തിന് നൽകുമായിരുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വാക്കിനെ മറികടന്ന് തന്റെ മകനെ ഡോക്ടറോ എൻജിനീയറോ ആക്കാൻ കഴിയുമെന്ന വ്യാമോഹം ഒരു മാതാപിതാക്കൾക്കും ഇല്ലായിരുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ

ജീവിതകാലത്തും കാലം ചെയ്തതിന് ശേഷവും തിരുമേനിയുടെ നാമധേയത്തിൽ നിരവധി അത്ഭുത പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. താൻ സ്ഥാപിച്ച പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളിന്റെ മുകളിലേക്ക് ചാഞ്ഞ് വളർന്ന പ്ലാവ് വിദ്യാർത്ഥികൾക്ക് ഭീഷണിയാണെന്ന് മനസ്സിലാക്കി പ്ലാവ് വെട്ടണമെന്ന് തിരുമേനി സ്ഥലം ഉടമയോട് പറഞ്ഞപ്പോൾ "വെട്ടുകയില്ലായെന്ന്" ധിക്കാരപരമായ മറുപടി ഉണ്ടായി. തിരുമേനി നെഞ്ചിൽ അടിച്ച് "എന്റെ ദൈവമേ" എന്ന് പ്രാർത്ഥിച്ച് ഒരു മിനിറ്റ് കഴിഞ്ഞപ്പോൾ കാറ്റും മഴയും ഒന്നുമില്ലായിരുന്ന ആ സമയത്ത് പ്ലാവിന്റെ കമ്പ് ഒടിഞ്ഞ് സ്കൂൾ ഷെഡിന് കേടുവരാതെ വലിയ ശബ്ദത്തോടെ നിലം പതിച്ചു. ഇതിന് ദൃക്സാക്ഷികൾ ഇന്നും ജീവിച്ചിരിപ്പുണ്ട്.

ചെങ്ങന്നൂർ പുലരിയേത്ത് മാത്തുണ്ണിയെ ഉഗ്രവിഷമുള്ള പാമ്പ് കടിച്ചു. ഓതറയിൽ നിന്ന് പ്രശസ്തനായ വിഷവൈദ്യനെ കൊണ്ടുവന്നു. വൈദ്യൻ അബോധാവസ്ഥയിലായിരുന്ന മാത്തുണ്ണിയെ പരിശോധിച്ച് രക്ഷയില്ലായെന്ന് അറിയിച്ച് പിൻമാറി. ചില ആളുകൾ ബഥേലിൽ ചെന്ന് പുത്തൻകാവിൽ കൊച്ചുതിരുമേനിയോട് മാത്തുണ്ണിയുടെ വിവരം പറഞ്ഞു. തിരുമേനി മാത്തുണ്ണിയുടെ വീട്ടിലേക്ക് വരുകയാണെന്ന് അറിയിച്ചു. തിരുമേനി ചെങ്ങന്നൂർ ചന്തയിലൂടെ മാത്തുണ്ണിയുടെ വീട്ടിലേക്ക് ചെന്നു. ഭക്തജനങ്ങൾ തിരുമേനിയുടെ വഴികളിൽ പായ് വിരിച്ചു. തിരുമേനി വീട്ടിൽ ചെന്ന് അബോധാവസ്ഥയിലായിരുന്ന മാത്തുണ്ണിയുടെ നാഡി പിടിച്ച് നോക്കി കിഴക്കോട്ട് തിരിഞ്ഞ് നിന്ന് "കരുണക്കടലേ ഞാൻ നോക്കും ദേവാ തനയാ എൻ പാപം പെരുകി" എന്ന ഗാനം നിറകണ്ണുകളോടെ പാടി. കൂടിനിന്നവർ ഒന്നടങ്കം കണ്ണീർ വാർത്തു. തിരുമേനി ശക്തമായ ഒരു പ്രാർത്ഥന നടത്തി. മാത്തുണ്ണിയെ ദൈവം രക്ഷിക്കും എന്ന് പറഞ്ഞ് തിരിച്ചുപോയി. മണിക്കൂറുകൾക്കുള്ളിൽ മാത്തുണ്ണിയ്ക്ക് ബോധം വന്നു. മാത്തുണ്ണിയുടെ വിഷം ഇറങ്ങി രക്ഷപ്പെട്ടു എന്ന് ജനങ്ങൾ ബഥേലിൽ ഓടി ചെന്ന് പറഞ്ഞു. മാത്തുണ്ണിയുടെ മകൻ മാത്തുണ്ണി വർഗ്ഗീസ് (85) 2013 ഏപ്രിൽ 27-ാം തീയതി മരണം വരെ ഈ സംഭവം സാക്ഷിയ്ക്കുമായിരുന്നു. ചെങ്ങന്നൂരിൽ ആർട്ടിസ്റ്റ് ബേബി 1975-ൽ വരച്ച കാപ്പായിട്ട് സ്ലീബായുമായി നിൽക്കുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഛായാചിത്രം പുത്തൻകാവിലെ കബറിടത്തിൽ ഉണ്ട്. ഇത് വരയ്ക്കുവാൻ കൊച്ചുതിരുമേനി സ്വപ്നത്തിൽ കാപ്പാ യിട്ട് ദർശനം നൽകിയതായി ആർട്ടിസ്റ്റ് ബേബി സാക്ഷ്യപ്പെടുത്തുന്നു. മലങ്കരയുടെ ആറാം കാതോലിക്കായി സ്ഥാനം ഏൽക്കുന്നതിന്റെ തലേദിവസം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതിയൻ ബാവാ തിരുമേനിയുടെ കബറിടത്തിൽ വന്ന് അനുഗ്രഹം വാങ്ങിയിരുന്നു. ബാവാ തിരുമേനി അമേരിക്കയിൽ ഹൃദയശസ്ത്രക്രിയയ്ക്ക് ശേഷം കേരളത്തിൽ തിരിച്ചെത്തി മണിക്കൂറുകൾക്കുള്ളിൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിച്ചതും തെളിയിക്കുന്നത് ശിഷ്യർക്ക് ഒരിക്കലും മറക്കാനാവാത്ത ഗുരുനാഥനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നാണ്. കാലം ചെയ്ത് കഴിഞ്ഞ 63 വർഷങ്ങളായി പുത്ത ൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടം അനേകർക്ക് അനുഗ്രഹം ചൊരിയുന്നു.



അടൂർ പറന്തൽ ജംഗ്ഷനിലെ കുരിശുംതൊട്ടി

വർഷങ്ങളായി കുഞ്ഞുങ്ങൾ ഇല്ലാത്തവർക്ക് കുഞ്ഞുങ്ങളെ ലഭിച്ചിട്ടുണ്ട്. അനേക അനുഭവസ്ഥർ നമ്മുടെ ഇടയിൽ ജീവിക്കുന്നു.ഒരു മഹാപുരോഹിതൻ പരിശുദ്ധനാകുന്നത് ജനങ്ങൾക്കുള്ള വിശ്വാസം കൊണ്ടാണ്. സഭ പരിശുദ്ധനായി പ്രഖ്യാപിക്കുന്നവരുടെ നാമധേയത്തിൽ മാത്രമേ പള്ളികളും കുരിശടികളും സ്ഥാപിക്കുവാൻ നിയമപരമായി സാധിക്കുകയുള്ളു. പറന്തൽ ജംഗ്ഷനിൽ കൊച്ചുതിരുമേനിയുടെ മനോഹരമായ ചിത്രം വെച്ച കുരിശടി സ്ഥാപിച്ചിട്ടുണ്ട്. ഈ കുരിശടി മാതാവിന്റെ നാമത്തി ലുള്ളതാണ്. എം.സി. റോഡിനരുകിൽ ഉള്ള ആ കുരിശടിയിൽ അണയാതെ മെഴുകുതിരികൾ കത്തി നിൽക്കുന്നത് നമ്മുക്ക് കാണാൻ സാധിക്കും. പുത്തൻകാവിൽ കൊച്ചുതിരുമേനിയ്ക്ക് ഓർത്ത ഡോക്സ് സഭ കാതോലിക്കേറ്റ് രത്നദീപം എന്ന ബഹുമാന നാമം നൽകിയതും പ്രഖ്യാപിച്ചതും കുന്നകുളത്ത് ജനിച്ച് വളർന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതിയൻ ബാവാ ആണെന്നത് ഏറെ സന്തോഷകരമാണ്. കാരണം പുത്തൻകാവിൽ കൊച്ചുതിരുമേനി ഏറെ സ്നേഹിച്ച വിശ്വാസ സമൂഹമായിരുന്നു 'കുന്നകുളത്തു കാർ'പുത്തൻകാവിൽ കൊച്ചുതിരുമേനിയ്ക്ക് ഒരു ബഹുമാന നാമധേയം നൽകണമെന്ന് ആദ്യമായി ആവശ്യപ്പെട്ടത് യു.എ.ഇ.യിലെ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ട മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസോസ്സിയേഷനാണെന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു.

> പുത്തൻകാവിൽ കൊച്ചുതിരുമേനിയ്ക്ക് ഓർത്തഡോക്സ് സഭ കാതോലിക്കേറ്റ് രത്നദീപം എന്ന ബഹുമാന നാമം നൽകിയതും പ്രഖ്യാപിച്ചതും കുന്നകുളത്ത് ജനിച്ച് വളർന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതിയൻ ബാവാ ആണെന്നത് ഏറെ സന്തോഷകരമാണ്. കാരണം പുത്തൻകാവിൽ കൊച്ചുതിരുമേനി ഏറെ സ്നേഹിച്ച വിശ്വാസസമൂഹമായിരുന്നു 'കുന്നകുളത്തുകാർ'

1951 ഏപ്രിൽ 17-ന് പൊലിഞ്ഞ മലങ്കരസഭയുടെ ദീപം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഭൗതിക ശരീരം കോട്ടയത്ത് പഴയ സെമിനാരിയിൽ വി.മൂറോൻ കൂദാശ നടത്തികൊണ്ടിരുന്ന പരിശുദ്ധ ഗീവറുഗീസ് ദ്വിതിയൻ കാതോലിക്ക ബാവായെ കാണിക്കാൻ കൊണ്ടുവന്ന രംഗം ഹൃദയഭേദകമായിരുന്നു. പിന്നീട് ഭൗതിക ശരീരം പുത്തൻകാവ് ദേശത്ത് പ്രവേശിച്ചപ്പോൾ അമ്മമാരും സഹോദരികളും അടങ്ങുന്ന സാധാരണക്കാരായ ജനക്കൂട്ടം മാറിലടിച്ച് കരഞ്ഞ നിലവിളി മലങ്കരസഭയിൽ ഒരു മെത്രാപ്പോലീത്തായ്ക്കും കിട്ടിട്ടില്ലാത്ത അന്ത്യോപചാരമായിരുന്നു. മലയാള മനോരമ 1951 ഏപ്രിൽ 18-ന് എഴുതിയ മുഖപ്രസംഗത്തിൽ പറഞ്ഞത് "പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വിയോഗവാർത്ത മലങ്കര സഭയ്ക്ക് ഒരു വെള്ളിടിയാണ്" എന്നാണ്.

മലങ്കരയിലെ അപ്രഖ്യാപിത പരിശുദ്ധനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രാർത്ഥന നമുക്ക് എക്കാലവും കോട്ടയായിരിക്കട്ടെ.



# കാലഘട്ടത്തെ ദീപ്തമാക്കിയ സഭയുടെ രത്നം



**സജി പട്ടരുമഠം**
(സഭാ മാനേജിംഗ് കമ്മിറ്റിയംഗം/
ബുധനൂർ സെന്റ് ഏലീയാസ് ഇടവകാംഗം)

> സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ നഷ്ടപ്പെട്ടു പോകുന്ന സാഹചര്യത്തിൽ അത് വീണ്ടെടുക്കുവാൻ തിരുമേനി കാട്ടിയ നിശ്ചയ ദാർഢ്യം ഏവരുടെയും മനസ്സിൽ ഒളിമങ്ങാതെ നിൽക്കും.

കാതോലിക്കേറ്റിന്റെ കരുത്തനായ വക്താവ്, പ്രഭാഷണ രംഗത്തെ പ്രകാശ ഗോപരം, ആരാധനാ മാധുര്യത്തിന്റെ ഉറവ എന്നീ നിലകളിൽ സഭാമക്കളുടെ മനസ്സിൽ നക്ഷത്ര ശോഭയോടെ തിളങ്ങി നിൽക്കുന്ന പുത്തൻകാവിൽ കൊച്ചു തിരുമേനി, മലങ്കരസഭയുടെ അപ്രഖ്യാപിത പരിശുദ്ധനാണ്. മലങ്കര സഭയുടെ ചരിത്ര താളുകളെ തന്റെ ത്യാഗോജ്ജ്വലവും, സമർപ്പിതവുമായ ജീവതത്തിലൂടെ ദീപ്തമാക്കുവാൻ കൊച്ചുതിരുമേനിക്ക് കഴിഞ്ഞു. അതുകൊണ്ടാണ് പരിശുദ്ധ സഭ അദ്ദേഹത്തെ കാതോലിക്കേറ്റ് രത്നദീപം എന്ന ബഹുമാന നാമം നൽകി ആദരിച്ചത്.

1895–ൽ പരിശുദ്ധ പരുമല തിരുമേനി തന്റെ ഊർശ്ലേം യാത്രാനന്തരം സ്ഥാപിച്ച എന്റെ മാതൃദേവാലയമായ ബുധനൂർ സെന്റ് ഏലിയാസ് പള്ളി അന്ന് തുമ്പമൺ ഭദ്രാസനത്തിലായിരുന്നു. അതിനാൽ ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ കൊച്ചു തിരുമേനി ബുധനൂർ ദേശത്ത് പല തവണ സന്ദർശനം നടത്തിയിട്ടുണ്ട്. 56 വർഷക്കാലം ഞങ്ങളുടെ ഇടവക വികാരിയായിരുന്ന കൊച്ചാലുംമൂട്ടിൽ കെ.ഇ. ശാമുവേൽ കോർ എപ്പിസ്ക്കോപ്പാ തന്റെ പ്രസംഗത്തിൽ പലപ്പോഴും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ശബ്ദ മാധുര്യത്തെക്കുറിച്ച് പറയുന്നത് എന്റെ ചെറിയ പ്രായത്തിൽ ഞാൻ കേട്ടിട്ടുണ്ട്. അതിന്റെ എല്ലാം പരിണിത ഫലമായിട്ടായിരിക്കാം ഇടവകയിൽ കൊച്ചു തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും സമുചിതമായി ആചരിക്കുന്നത്.

പൗലോ കൊയ്ലോയുടെ Fifth Mountain എന്ന പുസ്തകത്തിൽ ഏലിയാ പ്രവാചകൻ സാരേഫാത്തിലെ പുരോഹിതനോട് ഇപ്രകാരം പറയുന്നു. "പ്രതിസന്ധികൾ നിറഞ്ഞ നിമിഷങ്ങൾ എല്ലാവരുടെയും ജീവിതത്തിൽ ഉണ്ടാകും. അവയൊന്നും നമുക്ക് ഒഴിവാക്കാനാവില്ല. പക്ഷേ അവയുടെയെല്ലാം പിറകിൽ എന്തെങ്കിലും കാരണങ്ങൾ ഉണ്ടാകും". അതിസാഹസികതയുടെ ആത്മാവിനെ ആവാഹിക്കുന്നവർക്കു മാത്രമേ ആശാവഹമായ നേതൃത്വവും പ്രശംസനീയമായ സംഭാവനകളും പ്രകീർത്തിതമായ പ്രവർത്തനങ്ങളും സമൂഹത്തിന് നല്കുവാൻ കഴിയൂ. അങ്ങനെ നോക്കുമ്പോൾ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന കാലഘട്ടത്തിലാണ് ചെങ്ങന്നൂരിലെ പൊതേൽക്കുളത്തെ ബഥേലാക്കി മാറ്റുവാനും, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് മാക്കാംകുന്നിൽ ഭദ്രാസനാസ്ഥാനം പണിയുവാനും, കാതോലിക്കേറ്റ് ഹൈസ്ക്കൂൾ സ്ഥാപിക്കുവാനും കൊച്ചുതിരുമേനി മുന്നിട്ടിറങ്ങിയത് കൊച്ചു തിരുമേനി അസാധ്യതകളെ സാധ്യതകളാക്കി തീർക്കുവാൻ കഴിവുള്ള അതിസാഹസികൻ ആയിരുന്നു എന്നതിന്റെ തെളിവാണ്..

യാത്രാ സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ മലങ്കര സഭയിൽ ഉടനീളം സഞ്ചരിച്ചു കൊണ്ട് ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തുവിനെ തന്റെ സുവിശേഷ പ്രസംഗങ്ങളിലൂടെ അനേകർക്ക് പകർന്നു കൊടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇത് ദൈവസന്നിധിയിൽ തന്റെ ജീവിത സമർപ്പണത്തിന്റെ സാക്ഷ്യമാണ്. നവീകരണക്കാരുടെ അതിപ്രസരണവും മാർ ഈവാനിയോസിന്റെ റീത്ത് പ്രസ്ഥാനവും കക്ഷി വഴക്കിന്റെ കഷ്ടപ്പാടുകളും മൂലം സഭ പ്രതിസന്ധിയെ നേരിട്ടപ്പോൾ അതിനെ സധൈര്യം നേരിട്ടുകൊണ്ട് തന്റെ പ്രസംഗങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സഭാമക്കളെ സഭാ ഗാത്രത്തോടു ചേർത്തു നിർത്തുവാൻ കൊച്ചുതിരുമേനിക്ക് കഴിഞ്ഞു. സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ നഷ്ടപ്പെട്ടു പോകുന്ന സാഹചര്യത്തിൽ അത് വീണ്ടെടുക്കുവാൻ തിരുമേനി കാട്ടിയ നിശ്ചയ ദാർഢ്യം ഏവരുടെയും മനസ്സിൽ ഒളിമങ്ങാതെ നിൽക്കും.

ഗുരുനിത്യ ചൈതന്യയതി പറയുന്നു "താൻ ജീവിച്ചിരിക്കുന്ന കാലഘട്ടത്തെ ദീപ്തമാക്കുന്നവനാണ് വിശുദ്ധൻ". ആ നിലയിൽ തന്റെ ചുരുങ്ങിയ ജീവിത പ്രയാണത്തിൽ തലമുറകൾ സ്മരിക്കുവാൻ തക്കവണ്ണം തന്റെ ജീവിതത്തിലൂടെ സഭയ്ക്കു വേണ്ടിയും സമൂഹത്തിനു വേണ്ടിയും സേവനം ചെയ്ത കൊച്ചുതിരുമേനിയെ നമുക്ക് വിശുദ്ധ ഗണത്തിൽ പെടുത്താം.

# ദിവംഗതനായ തിരുമേനി

എൻ. മീരാണൻ മീരാറാവുത്തർ
പത്തനംതിട്ട

സാധാരണയായി മഹത്തുക്കളുടെ മാഹാത്മ്യം വെളിച്ചത്തു വരുന്നത് അവരുടെ കാലശേഷമാണ്. അതിൽനിന്നും വ്യത്യസ്തമായ സംഭവങ്ങൾക്ക് ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടോയെന്നുള്ളത് ഏറ്റവും സംശയാസ്പദമായ ഒരു വസ്തുതയാണ്. ജീവിച്ചിരിക്കുമ്പോൾ നിരുപണങ്ങളും, ആരോപണങ്ങളും അവർ അഭിമുഖീകരിക്കേണ്ടിവരുന്നു. പ്രതിബന്ധങ്ങൾ നിറഞ്ഞ ഒരു ജീവിതമായിരിക്കും അവർ തരണം ചെയ്യേണ്ടിവരുന്നത്. വിശ്വവിശ്രുതന്മാരായ ചരിത്രനായകന്മാർപോലും അതിൽനിന്ന് വിഭിന്നരായിരുന്നില്ല. സൂക്ഷ്മാവലോകനം ചെയ്യുകയാണെങ്കിൽ ഏതൊരു മഹാത്മാവിന്റെയും ജീവിതം പ്രതിബന്ധങ്ങളിൽ നിന്നും ഒഴിഞ്ഞിരുന്നതല്ലെന്ന് കാണുവാൻ കഴിയും. എന്തുകൊണ്ടോ അവരുടെ അമൂല്യപ്രവർത്തനങ്ങളുടെ മഹത്വത്തെ അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടി കരുതപ്പെടുക സാധാരണയല്ല. എന്നാൽ അവരുടെ മരണശേഷമാകട്ടെ അവരുടെ സ്വഭാവത്തെയും, പ്രവർത്തനങ്ങളേയും പത്തിരട്ടി മഹിമയോട് കൊട്ടിഘോഷിക്കാറുണ്ട്; വാഴ്ത്തപ്പെടാറുണ്ട്. അത് ഇന്നും ഇന്നലേയും മാത്രമുള്ള പതിവല്ല; പ്രത്യുത മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ കണ്ടുവരാറുള്ളതാണ്. എന്നാൽ അടുത്ത കാലത്ത് അകാലദേഹവിയോഗത്താൽ നമ്മെയെല്ലാം ദുഃഖസാഗരത്തിൽ ആറാടിച്ച മെത്രാപ്പോലീത്താതിരുമേനിയുടെ ചരിത്രം വിഭിന്നമായ ഒന്നാണ്. ജീവിച്ചിരിക്കുമ്പോൾ അതുല്യമായ പ്രശ്സ്തിയും പ്രാബല്യവും കരസ്ഥമാക്കാൻ തിരുമേനിക്ക് കഴിഞ്ഞു എന്നുള്ളത് ഏറ്റവും ഭാഗ്യകരമായ ഒരു പരാമർത്ഥം മാത്രമാണ്.

ലോകത്തിലെവിടേയും വിശ്വവിശ്രുതന്മാരായ മഹത്തുക്കളും, നാട്ടിന്റെ ചില പ്രദേശങ്ങളിൽ മാത്രം അറിയപ്പെടുന്നവരും ആയി പലതരത്തിലുള്ള മഹാത്മാക്കളുണ്ട്. പ്രാദേശികമായ ഉന്നമനത്തെ ലാക്കാക്കി പ്രവർത്തിക്കുന്നവരും, സ്വസമുദായത്തിന്റെ പുരോഗമനത്തിനുവേണ്ടി വേല ചെയ്യുന്നവരുമുണ്ട്. പ്രവർത്തന പരിധി വളരെ പരിമിതമാകയാൽ ലോകമെങ്ങും അറിയപ്പെടാൻ തുടങ്ങിയില്ലെങ്കിലും ഉത്തമന്മാരായ പല മഹാത്മാക്കളേയും സൃഷ്ടിച്ച നാടാണ് കേരളം. സമുദായത്തിന്റേയും, സമൂഹത്തിന്റേയും വളർച്ചക്കും, ഉയർച്ചക്കും നിലനിൽപ്പിനുംവേണ്ടി അവിശ്രാന്തം പടപൊരുതിയ ജേതാക്കൾ നമ്മുടെ ഇടയിൽ വളരെ ഉണ്ടായിട്ടുണ്ട്. അങ്ങിനെ സ്വന്തം ജീവിതം അന്യരുടെ സുഖത്തിനും, അഭിവൃദ്ധിക്കുവേണ്ടി ഒഴിഞ്ഞുവെച്ചിട്ടുള്ള നമ്മുടെയിടയിലുള്ള മഹാത്മാക്കളിൽ മുന്നണിയിൽ നിൽക്കുന്ന ഒരു ദേഹമാണ് കഴിഞ്ഞ ഏപ്രിൽ 17നു ദിവംഗതനായ നി.വ.ദി.ശ്രീ. മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമേനി. എന്റെ ഒരു ചിരകാല സുഹൃത്തും അഭ്യുദയകാംക്ഷിയും, അന്യരുടെ ഉയർച്ചയും ഉന്നമനത്തിനുമായി കരുതി പ്രവർത്തിച്ച ദേഹവുമായ തിരുമേനിയുടെ അകാലവിയോഗത്തെക്കുറിച്ചു ഹൃദയവേദനയോടുകൂടിയല്ലാതെ ഓർക്കാൻ എനിക്ക് സാധ്യമല്ല. ആളുകൾ മഹത്തുക്കളാകുക പലതരത്തിലാണ്, ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും, തത്വസംഹീതാകൃതികളും, ആത്മസംയമനവും, പുണ്യപ്രവർത്തനങ്ങളും, പരോപകാരതൽപരതയും മഹത്തുക്കളെ സൃഷ്ടിക്കുന്ന ഊടുവഴികളിൽ ചിലതാണ്. ഇവയിൽ പലതും ഒത്തിണങ്ങിയ ഒരു മഹാത്മാവായിരുന്നു മാർ പീലക് സീനോസ് തിരുമേനി. പ്രാദേശികമായ ആവശ്യങ്ങൾക്കും ചുമതലകൾക്കും പുറമേ അദ്ദേഹത്തിനു മനുഷ്യസമുദായത്തോടുതന്നെ ഒരു കടപ്പാടുണ്ടായിരുന്നു. ഏറെക്കുറെ അദ്ദേഹം അത് നിവൃത്തിക്കുകയും ചെയ്തു. ശ്രീ നാരായണഗുരുസ്വാമിയും,കബീറും, ഗാന്ധിയും പ്രവർത്തിച്ച അതേ പന്ഥാവിൽ കൂടി തന്നെയാണ് തിരുമേനിയും പ്രവർത്തിച്ചത്. തിരുമേനിക്ക് ജന



മദ്ധ്യത്തിലുണ്ടായിരുന്ന സ്വാധീനശക്തിക്ക് ഉത്തമോദാഹരണമാണ് തിരുമേനിയുടെ ദേഹവിയോഗത്തിൽ അനുശോചിച്ചുകൊണ്ട് നാട്ടിന്റെ നാനാഭാഗത്തും കൂടിയ പൊതുയോഗങ്ങൾ. കുറഞ്ഞൊരു കാലത്തേക്ക് പത്രപംക്തികളിൽ നല്ലൊരു സ്ഥാനം കരസ്ഥമാക്കിയിരുന്നത് പ്രസ്തുത വസ്തുതയാണ്. നാനാജാതിമതസ്ഥരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തുവെന്നുള്ളത് തിരുമേനിയുടെ കീർത്തിക്ക് മാറ്റുകൂട്ടുകയാണ് ചെയ്തത്. നാട്ടിന്റെയും, നാട്ടാരുടേയും നന്മയെ കരുതിയുള്ള തിരുമേനിയുടെ ചെയ്തികളെ ഓരോന്നായി ഈ ചെറുലേഖനത്തിൽ എടുത്തുകാട്ടണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ക്രിസ്തീയമതത്തിലെ ഒരു വിഭാഗമായ യാക്കോബായസഭയുടെ ഒരിടവകാദ്ധ്യക്ഷനും മേൽപ്പട്ടക്കാരനുമായ സ്മര്യപുരുഷൻ പ്രസ്തുത സഭയുടേയോ, ക്രിസ്ത്യാനികളുടേയോ മാത്രം നന്മയെ ലാക്കാക്കിയല്ല പ്രവർത്തിച്ചത്; പ്രത്യുത നാനാവിഭാഗക്കാരുടേയും, സമുദായക്കാരുടേയും ഉന്നമനം അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. ഭൗതികമായ പൊതുകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചിരുന്നുവെങ്കിലും, അദ്ദേഹം ആത്മീയകാര്യങ്ങളിൽ നിന്ന് ഒരിക്കലും വേർപ്പെട്ടിരുന്നില്ല. യുവത്വം അതിന്റെ ഉച്ചകോടിയിൽ എത്തിയിരുന്നപ്പോൾപോലും തിരുമേനി ആത്മസംയമനം പരിപൂർണ്ണമായും സാധിച്ചിരുന്നു. അക്കാലത്തുപോലും തിരുമേനി ഭൗതികമായ മറ്റു കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചിരുന്നു. അങ്ങനെ ആത്മീയവാദത്തിൽ വിശ്വസിച്ചുകൊണ്ട് ആത്മീയനിയന്ത്രണത്തിനടിമപ്പെട്ടു ജീവിച്ചുകൊണ്ട് ഭൗതികവാദം പ്രായോഗികമാക്കിക്കാണിച്ച ദേഹമാണ് തിരുമേനി. മനസ്സിനെയും പ്രവർത്തനത്തേയും സ്വയം നിയന്ത്രിച്ചുകൊണ്ട് ജീവിതപന്ഥാവിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന അദ്ദേഹത്തിനു നേരിടേണ്ടിവന്ന പ്രതികൂലപരിതസ്ഥിതികളും, തരണം ചെയ്യേണ്ടിവന്ന പ്രതിബന്ധങ്ങളും കുറച്ചൊന്നുമല്ലായിരുന്നു. അവയെല്ലാം ധൈര്യപൂർവ്വം നേരിട്ടുകൊണ്ട് കുറഞ്ഞ കാലയളവിൽ അദ്ദേഹം ജീവിതവിജയം വരിക്കയാണ് ചെയ്തത്.

ഉന്നതവിദ്യാഭ്യാസം നേടിയ തിരുമേനി നാട്ടുകാരുടെ വിദ്യാഭ്യാസ പുരോഗതിയിൽ തന്റെ ശ്രദ്ധയുടെ നല്ലൊരു ഭാഗം കേന്ദ്രീകരിച്ചിരുന്നെങ്കിൽ അതൊരത്ഭുതമല്ല. ഏറ്റവും മികച്ച ഒരു യൂണിവേഴ്സിറ്റി ഡിഗ്രി കുറഞ്ഞപ്രായത്തിൽ കൈവരിക്കാൻ ഭാഗ്യമുണ്ടായ തിരുമേനിയെ വിദ്യാഭ്യാസം മനുഷ്യന്റെ ദൈവീകവും, ശാസ്ത്രീയവും, സാമ്പത്തികവുമായ വളർച്ചയെ ഏതുതരത്തിൽ ബാധിക്കുമെന്ന് ആരും തന്നെ പറഞ്ഞുമനസ്സിലാക്കേണ്ടിയിരുന്നില്ല. പ്രായോഗിക ജീവിതത്തിൽ അതനുഭവിച്ച മഹാത്മാവായിരുന്നു തിരുമേനി. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം നന്നായി പഠിച്ച അദ്ദേഹം അതിന്റെ പുരോഗമനത്തിനുവേണ്ടി വളരെയൊക്കെ ചെയ്തു. ഒന്നിലധികം ഹൈസ്കൂളുകളുടെ സ്ഥാപനം പല പ്രൈമറി സ്കൂളികളുടെ സ്ഥാപനം, മിഡിൽ സ്കൂളുകൾക്ക് നൽകിയ പ്രോത്സാഹനം, ധനപരമായ കഴിവില്ലാത്ത വിദ്യാർത്ഥിനിവിദ്യാത്ഥികൾക്ക് നൽകിയ സ്കോളർഷിപ്പുകൾ , മറ്റാനുകൂല്യങ്ങൾ ഇവയെല്ലാം അവയിൽ ചിലതുമാത്രമാണ്.

പത്തനംതിട്ട നിവാസികൾ പൊതുവേയും, മുസ്ലീം ജനവിഭാഗം പ്രത്യേകിച്ചും മാർ പീലക്സീനോസ് തിരുമേനിയോട് വളരെ കടപ്പെട്ടവരാണ്. സ്ഥലത്തെ മുസ്ലീം വിദ്യാർത്ഥിനിവിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയിൽ തിരുമേനി കാണിച്ചിട്ടുള്ള ശ്രദ്ധ അകംനിറഞ്ഞ കൃതജ്ഞതയോടുകൂടി മാത്രമെ എന്നെപോലെയുള്ള ഒരാൾക്ക് സ്മരിക്കുവാൻ സാദ്ധ്യമാകയുള്ളു. തിരു-കൊച്ചി സംസ്ഥാനത്ത് വിദ്യാഭ്യാസപരമായി മുസ്ലീമുകൾ ആണും പെണ്ണും ഏറ്റവും മുന്നോട്ടുവന്നിട്ടുള്ളത് പത്തനംതിട്ട താലൂക്കിലാണ്. അതിനുള്ള കാരണം തിരുമേനിയുടെ വിശാലമനസ്കതയല്ലാതെ മറ്റൊന്നു മല്ല. തിരുവിതാംകൂറിന്റെ പലഭാഗത്തും മിഡിൽസ്കൂളുകൾ പോലും ഇല്ലാതിരുന്ന ഒരവസരത്തിൽ പത്തനംതിട്ടയിൽ ഏറ്റവും സൗകര്യപ്രദമായ വിധത്തിൽ ആർക്കും വിദ്യാഭ്യാസം ചെയ്യത്തക്കവിധത്തിൽ തിരുമേനി സ്വന്തം കഴിവും, സ്വാധീനശക്തിയും ഉപയോഗിച്ച് ഒരു ഹൈസ്കൂൾ സ്ഥാപിച്ച്, ധനപരമായി ആവശ്യമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുത്ത് മുസ്ലീങ്ങളുടെ വിദ്യാഭ്യാസത്തിനു ഉത്തേജനം നൽകി. സാമുദായികമായി തിരുമേനിയുടെ ചെയ്തികളെ എടുത്തുകാട്ടണമെന്ന് ഞാൻ വിചാരിക്കുന്നില്ല. പള്ളികളുടെയും ചാപ്പലുകളുടെയും സ്ഥാപനത്തിനു പുറമേ. സമുദായക്കേസിന്റെ വിജയപ്രദമായ നടത്തിപ്പിനും ഒത്തുതീർപ്പ് ശ്രമത്തിനും തിരുമേനി കാണിച്ചിട്ടുള്ള ശ്രദ്ധ സ്തുത്യർഹമാണ്. തിരുമേനിയുടെ സർവ്വ സമുദായമൈത്രിയും, ശിഷ്യവാത്സല്യവും മറ്റെതോരാളിന്റെതിനെയും കവച്ചുവെയ്ക്കുന്നതായിരുന്നു. ക്രിസ്ത്യാനിയെന്നോ, മുസൽമാനെന്നോ, ഹിന്ദുവെന്നോയുള്ള വ്യത്യാസം തിരുമേനി പ്രവർത്തനങ്ങളിൽ കാണിച്ചിരുന്നില്ല. മനുഷ്യരെല്ലാം ഒന്നുപോലെയാണെന്നുള്ള അടിയുറച്ച വിശ്വാസത്തെ ആസ്പദമാക്കിയായിരുന്നു തിരുമേനിയുടെ പ്രവർത്തനങ്ങൾ. തിരുമേനിയുടെ ശിഷ്യഗണങ്ങളിൽ ഒരാളുമായ കുന്നംകുളത്തെ ഇപ്പോഴത്തെ സാനട്ടറി ഇൻസ്പെക്ടരുടെ വീട്ടിൽ തിരുമേനി എഴുന്നെള്ളി ശിഷ്യനെ അനുഗ്രഹിച്ചാശീർവ്വദിച്ചു എന്നുള്ളത് തിരുമേനിയുടെ ശിഷ്യവാത്സല്യത്തിനു ഉത്തമോദാഹരണമാണ്.

*പത്തനംതിട്ട നിവാസികൾ പൊതുവേയും, മുസ്ലീം ജനവിഭാഗം പ്രത്യേകിച്ചും മാർ പീലക്സീനോസ് തിരുമേനിയോട് വളരെ കടപ്പെട്ടവരാണ്. സ്ഥലത്തെ മുസ്ലീം വിദ്യാർത്ഥിനിവിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയിൽ തിരുമേനി കാണിച്ചിട്ടുള്ള ശ്രദ്ധ അകംനിറഞ്ഞ കൃതജ്ഞതയോടുകൂടി മാത്രമെ എന്നെ പോലെയുള്ള ഒരാൾക്ക് സ്മരിക്കുവാൻ സാദ്ധ്യമാകയുള്ളു.*

ഇപ്രകാരം എല്ലാതരത്തിലും മഹാനായ തിരുമേനിയുടെ അകാലവിയോഗം മനുഷ്യസമുദായത്തിന് ഒരു തീരാനഷ്ടംതന്നെയാണ് പക്ഷെ എന്തുചെയ്യാം നാം ഉദ്ദേശിക്കുന്നതുപോലെയല്ലല്ലോ കാര്യങ്ങൾ നടക്കുന്നത്. നമുക്കെല്ലാം ഉപരിയായി ഒരു ശക്തിയുണ്ട് ആ ശക്തിയത്രെ ലോകത്തെ നിയന്ത്രിക്കുന്നത്. ദിവംഗതനായ തിരുമേനിക്ക് ആത്മശാന്തി നൽകണേയെന്ന് ആ പരാശക്തിയോട് അകമഴിഞ്ഞ് പ്രാർത്ഥിക്കാൻ മാത്രമെ നമുക്ക് കഴിവുള്ളു.

(1951-ൽ മാർ പീലക്സിനോസ് സുവനീറിൽ എഴുതിയ ലേഖനം)

# ആ അന്ത്യരംഗം

***പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സ്നേഹിതൻ പത്തനംതിട്ടയിലെ ശ്രീ.എൻ. മീരാണൻ മീരാറാവുത്തറുടെ മകൻ കവിരാജൻ മീരാപിള്ള കൊച്ചുതിരുമേനിയുടെ ശിഷ്യനായിരുന്നു. കുന്നംകുളം മുൻസിപ്പൽ സാനിട്ടറി ഇൻസ്പെക്ടർ ആയിരുന്ന അദ്ദേഹം കുന്നംകുളത്തുവെച്ച് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സ്നേഹവാത്സല്യങ്ങൾ അന്ത്യമായി ലഭിച്ചത് തന്റെ പിതാവിന് കത്തു മുഖേന അറിയിക്കുന്നു.***

കുന്നംകുളം

17-4-1951

ഇന്നുകാലത്ത് 11 മണിക്കു അദ്ദേഹം കാലം ചെയ്തുവെന്ന് അറിവു കിട്ടി. വിശ്വസിക്കാൻ നിർവ്വാഹമില്ലാത്ത ഒരു വാർത്തയാണെങ്കിലും ഞാനും, ചെയർമാനുംകൂടി പള്ളിയിൽ ചെന്നു. തിരുമേനി പുഞ്ചിരി തൂകി അന്ത്യ വിശ്രമം കൊള്ളുന്നതായിട്ടാണ് കണ്ടത് ഞാനും. ചെയർമാനും പൊട്ടിക്കരഞ്ഞു പോയി എന്നുള്ളത് ഒരു വെറും പരമാർത്ഥം തന്നെയാണ്. സാധാരണ ഒരു ഭവനത്തിലും പോകാത്ത തിരുമേനി മുസ്ലീമായ എന്റെ വീട്ടിൽ എഴുന്നെള്ളി എന്നെ ആശിർവ്വദിച്ചു.

ഇത് ഏറ്റവും ഹൃദയ വേദനയോടുകൂടി എഴുതുന്ന ഒരു കത്താണ്. നമ്മുടെ ഹൈസ്കൂൾ മാനേജർ തിരുമേനി അവർകൾ ഒരാഴ്ചയോളമായി ഇവിടെ താമസിക്കുകയായിരുന്നു. തിരുമേനി ഇവിടെ താമസ്സിക്കുന്നതായി അറിഞ്ഞ് തിരുമേനിയെ കാണണമെന്ന് വിചാരിച്ചു കൊണ്ടിരിക്കുമ്പോൾ ഞാൻ ഇവിടെ ഉണ്ടെന്നുള്ള വിചാരം തിരുമേനി അറിഞ്ഞ് അദ്ദേഹത്തെ ഉടൻ ചെന്ന് കാണണമെന്ന് ആളെ പറഞ്ഞയച്ചു. 15-ാം തീയതി ഞായറാഴ്ച വൈകുന്നേരം ഞാൻ പള്ളിയിൽ ചെന്ന് അദ്ദേഹത്തെ കാണുകയും, പുത്തൻ കാവിലേക്ക് എഴുന്നള്ളുമ്പോൾ , 16-ാം തീയതി തിങ്കളാഴ്ച കാലത്ത് എന്റെ താമസ സ്ഥലത്തുവന്ന് എന്റെ സൽക്കാരങ്ങൾ സ്വീകരിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നുവെന്നും പറഞ്ഞു. അതനുസരിച്ച് അദ്ദേഹത്തെ സ്വീകരിക്കുന്നതിനായി ഇവിടുത്തെ എല്ലാ വലിയ ഉദ്യോഗസ്ഥന്മാരും , ഞങ്ങളുടെ ചെയർമാൻ ഉൾപ്പെടെയുള്ള കൗൺസിലർമാരും കാത്തിരുന്നു. 16നു കാലത്ത് 8മണിക്ക് എന്റെ താമസസ്ഥലത്ത് വരികയും എന്റെ സൽക്കാരങ്ങൾ സ്വീകരിക്കുകയും ചെയ്തു, എന്റെ കൈ കൊണ്ട് അദ്ദേഹത്തിനു കൊടുത്ത മധുരനാരങ്ങയും, സ്ക്വാഷും വാങ്ങിച്ചു കഴിക്കുകയും എന്നെ ഏറ്റവും ഹൃദയപൂർവ്വം ആശീർവദിക്കുകയും, തിരുമേനിയും, അത്തായുമായുള്ള (പിതാവുമായുള്ള) സ്നേഹ ബഹുമാനങ്ങളെ അവിടെകൂടിയിരുന്ന എല്ലാ ആളുകളെയും മനസ്സിലാക്കുകയുമുണ്ടായി. ഇവിടെ നിന്ന് 8-57ന് മരത്തങ്കോട്ട് പള്ളിയിലേക്ക് തിരുമേനി എഴുന്നെള്ളി. എന്തിനധികം പറയുന്നു. അദ്ദേഹത്തിനു തീരെ സുഖമില്ലാതിരിക്കുന്നുവെന്ന് അന്നു വൈകിട്ട് ഞാൻ അറിഞ്ഞ ഉടനെ ഞങ്ങളുടെ ചെയർമാനെ വിവരമറിയിച്ചു. അദ്ദേഹവും ഞാനും മറ്റു സമുദായ പ്രതിനിധികളും കൂടി മരത്തങ്കോട്ടു പള്ളിയിൽ ചെന്നു ശുശ്രൂഷിച്ചു. ഞങ്ങളെ നോക്കി തിരുമേനി ഒന്നു ചിരിച്ചതേ ഉള്ളു. അദ്ദേഹം മരത്തങ്കോട്ടെ പള്ളിയിൽ തന്നെ താമസിച്ചു പൂർണ്ണവിശ്രമം എടുക്കുന്നതിന് ഡോക്ടർ ഉപദേശിച്ചു. അതു കഴിഞ്ഞ് ഞാൻ വീട്ടിൽ വന്നുവെങ്കിലും അപ്പോൾ മുതൽ ഏതോ ചില വിഷമതകൾ എന്നെ അലട്ടികൊണ്ടിരുന്നു. ഇന്നുകാലത്ത് 11 മണിക്കു അദ്ദേഹം കാലം ചെയ്തുവെന്ന് അറിവു കിട്ടി. വിശ്വസിക്കാൻ നിർവ്വാഹമില്ലാത്ത ഒരു വാർത്തയാണെങ്കിലും ഞാനും, ചെയർമാനുംകൂടി പള്ളിയിൽ ചെന്നു. തിരുമേനി പുഞ്ചിരി തൂകി അന്ത്യവിശ്രമംകൊള്ളുന്നതായിട്ടാണ് കണ്ടത് ഞാനും. ചെയർമാനും പൊട്ടിക്കരഞ്ഞു പോയി എന്നുള്ളത് ഒരു വെറും പരമാർത്ഥം തന്നെയാണ്. സാധാരണ ഒരു ഭവനത്തിലും പോകാത്ത തിരുമേനി മുസ്ലീമായ എന്റെ വീട്ടിൽ എഴുന്നെള്ളി എന്നെ ആശിർവ്വദിച്ചു.

**എന്ന്, എം. കവിരാജൻ.**

(കുന്നംകുളത്തെ പാത്രിയർക്കീസ് കക്ഷിയിലെ ഒരു പ്രധാനാംഗവും, സിംഹാസനപള്ളി കൈക്കാരനുമായ ശ്രീ. പനക്കൽ ഇയ്യാക്കു മാത്യുവായിരുന്നു മുൻസിപ്പൽ ചെയർമാൻ.)



**കവിരാജൻ മീരാപിള്ള**
**പത്തനംതിട്ട**